بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ      نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ      وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 11
ലക്കം 15

# ബദർ
വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 600

www.akhbarbadrqadian.in

പത്രാധിപർ: എച്ച്.ശംസുദ്ദീൻ
സഹപത്രാധിപർ: മുഹമ്മദ് ഇസ്മായീൽ

2026 ഏപ്രിൽ 9 • ഹി.ശം 1405 ശഹാദത്ത് 9 • ഹി. ഖ. 1447 ശവ്വാൽ 20



## വിശുദ്ധ ഖുർആനിൽ നിന്ന്:

وَیُطۡعِمُوۡنَ الطَّعَامَ عَلٰی حُبِّہٖ مِسۡکِیۡنًا وَّیَتِیۡمًا وَّاَسِیۡرًا
اِنَّمَا نُطۡعِمُکُمۡ لِوَجۡہِ اللّٰہِ لَا نُرِیۡدُ مِنۡکُمۡ جَزَآءً وَّلَا شُکُوۡرًا ○

(سُوۡرَۃُ الدَّھۡر:10-9)

**അവന്റെ സ്നേഹം കാംക്ഷിച്ചു കൊണ്ട് അവർ അഗതികൾക്കും അനാഥർക്കും ബന്ധനസ്ഥർക്കും ഭക്ഷണം നല്കുന്നു. ഞങ്ങൾ നിങ്ങളെ അല്ലാഹുവിന്റെ തൃപ്തി മാത്രം കാംക്ഷിച്ചു കൊണ്ടാണ് ഊട്ടുന്നത്. ഞങ്ങൾ നിങ്ങളിൽ നിന്ന് വല്ല പ്രതിഫലമോ നന്ദിയോ കാംക്ഷിക്കുന്നില്ല.**



ഹദീസ്:


## സൃഷ്ടിസേവനവും ആരാധനയാകുന്നു!

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു: തിരുനബി(സ) പറഞ്ഞു: അന്ത്യദിനത്തിൽ അല്ലാഹു ഇപ്രകാരം പറയും : 'അല്ലയോ ആദമിന്റെ മകനേ! ഞാൻ രോഗിയായിരുന്നു, എന്നാൽ നീ എന്നെ സന്ദർശിച്ചില്ല.' അപ്പോൾ മനുഷ്യൻ ചോദിക്കും: 'എന്റെ രക്ഷിതാവേ, നീ സർവലോക രക്ഷിതാവല്ലേ, നിനക്ക് എങ്ങനെ രോഗം വരും? ഞാൻ എങ്ങനെ നിന്നെ സന്ദർശിക്കും?' അല്ലാഹു പറയും: 'എന്റെ ഇന്ന ദാസൻ രോഗിയായിരുന്നുവെന്ന് നിനക്കറിയില്ലായിരുന്നോ? എന്നിട്ടും നീ അവനെ സന്ദർശിച്ചില്ല. നീ അവനെ സന്ദർശിച്ചിരുന്നുവെങ്കിൽ എന്നെ അവന്റെ അടുക്കൽ കണ്ടെത്തുമായിരുന്നുവെന്ന് നിനക്കറിയില്ലേ?'

അല്ലാഹു വീണ്ടും ചോദിക്കും: 'അല്ലയോ ആദമിന്റെ മകനേ! ഞാൻ നിന്നോട് ഭക്ഷണം ചോദിച്ചു, പക്ഷേ നീ എനിക്ക് ഭക്ഷണം നൽകിയില്ല.' മനുഷ്യൻ ചോദിക്കും: 'എന്റെ രക്ഷിതാവേ, നീ സർവലോക രക്ഷിതാവല്ലേ, നീ ഭക്ഷണത്തിന് അതീതനല്ലേ, ഞാൻ എങ്ങനെ നിനക്ക് ഭക്ഷണം നൽകും?' അല്ലാഹു പറയും: 'എന്റെ ഇന്ന ദാസൻ നിന്നോട് ഭക്ഷണം ചോദിച്ചുവെന്നും നീ അയാൾക്ക് ഭക്ഷണം നൽകിയില്ലെന്നും നിനക്കറിയില്ലേ? നീ അയാൾക്ക് ഭക്ഷണം നൽകിയിരുന്നുവെങ്കിൽ അതിന്റെ പ്രതിഫലം എന്റെ അടുക്കൽ കണ്ടെത്തുമായിരുന്നുവെന്ന് നിനക്കറിയില്ലേ?'

അല്ലാഹു വീണ്ടും ചോദിക്കും: 'അല്ലയോ ആദമിന്റെ മകനേ! ഞാൻ നിന്നോട് വെള്ളം ചോദിച്ചു, പക്ഷേ നീ എനിക്ക് നൽകിയില്ല.' മനുഷ്യൻ ചോദിക്കും: 'എന്റെ രക്ഷിതാവേ, നീ സർവലോക രക്ഷിതാവല്ലേ, നീ ദാഹത്തിന് അതീതനല്ലേ, ഞാൻ എങ്ങനെ നിനക്ക് വെള്ളം നൽകും?' അല്ലാഹു പറയും: 'എന്റെ ഇന്ന ദാസൻ നിന്നോട് വെള്ളം ചോദിച്ചിട്ടും നീ നൽകിയില്ല. നീ അയാൾക്ക് വെള്ളം നൽകിയിരുന്നുവെങ്കിൽ അതിന്റെ പ്രതിഫലം എന്റെ അടുക്കൽ കണ്ടെത്തുമായിരുന്നുവെന്ന് നിനക്കറിയില്ലേ?' *(മുസ്‌ലിം, കിതാബുൽ ബിർറ് വസ്സില; ഹദീഖത്തുസ്സ്വാലിഹീൻ, ഹദീസ് നമ്പർ: 583)*

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പാഠങ്ങൾ:



## യഥാർഥ വിശ്വാസി ദൈവാനുരാഗത്തിൽ അഗതിയേയും അനാഥനേയും ബന്ധനസ്ഥനേയും ഊട്ടുന്നവനാണ്.

നല്ല ആഹാരത്തെയാണ് 'ത്വആം' (ഭക്ഷണം) എന്ന് പറയുന്നത്; ചീഞ്ഞതോ പഴകിയതോ ആയവ ഭക്ഷണത്തിന്റെ പരിധിയിൽ വരികയില്ല. ചുരുക്കത്തിൽ, പുതിയതും സ്വാദിഷ്ടവും ഇഷ്ടപ്പെട്ടതുമായ ആഹാരം വിളമ്പിവെച്ചിട്ടുള്ള പാത്രത്തിൽ നിന്നും, അത് കഴിച്ച് തുടങ്ങുന്നതിന് മുൻപായി ഒരു യാചകന്റെ വിളി കേട്ട് നൽകുകയാണെങ്കിൽ അതൊരു നന്മയാണ്. ഉപയോഗശൂന്യവും മോശവുമായ വസ്തുക്കൾ ചിലവഴിച്ചുകൊണ്ട് ഒരാൾക്കും പുണ്യപ്രവൃത്തി ചെയ്തതായി അവകാശപ്പെടാൻ സാധിക്കില്ല. പുണ്യത്തിന്റെ കവാടം ഇടുങ്ങിയതാണ്. അതിനാൽ, മോശമായ സാധനങ്ങൾ ചിലവഴിക്കുന്നതിലൂടെ ആർക്കും അതിൽ (സ്വർഗത്തിൽ) പ്രവേശിക്കാൻ കഴിയില്ല എന്ന് നിങ്ങൾ മനസ്സിലാക്കുക. *(റിപ്പോർട്ട് ജൽസ സാലാന 1897, പേജ്: 79)*

സ്വഭാവശുദ്ധിയോടൊപ്പം നിങ്ങളുടെ കഴിവനുസരിച്ച് ദാനധർമ്മങ്ങൾ നൽകുന്ന ശീലവും വളർത്തിയെടുക്കുക.

یُطۡعِمُوۡنَ الطَّعَامَ عَلٰی حُبِّہٖ مِسۡکِیۡنًا وَّیَتِیۡمًا وَّاَسِیۡرًا

അതായത്, അവർ അല്ലാഹുവിന്റെ പ്രീതിക്കായി പാവങ്ങൾക്കും അനാഥർക്കും തടവുകാർക്കും ഭക്ഷണം നൽകുന്നു. അവർ പറയുന്നു: 'ഞങ്ങൾ അല്ലാഹുവിന്റെ പ്രീതിക്കായി മാത്രമാണ് നിങ്ങൾക്ക് നൽകുന്നത്. അത്യന്തം ഭയാനകമായ ആ ദിനത്തെ (അന്ത്യനാൾ) ഞങ്ങൾ ഭയപ്പെടുന്നു.' *(അൽ ഹകം, വാല്യം 5, ലക്കം 27, 1901 ജൂലൈ 24, പേജ്: 2)*

ശേഷം പേജ് 11 ൽ

**തഫ്സീർ കബീറിൽ നിന്ന്:**
ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)



## അനാഥരോടും അഗതികളോടും യഥാർഥ സ്നേഹമുണ്ടെങ്കിൽ ക്ഷാമകാലത്ത് അവരെ ഊട്ടേണ്ടതാണ്

اَوۡ اِطۡعٰمٌ فِیۡ یَوۡمٍ ذِیۡ مَسۡغَبَۃٍ ○ یَّتِیۡمًا ذَا مَقۡرَبَۃٍ ○ اَوۡ مِسۡکِیۡنًا ذَا مَتۡرَبَۃٍ

അല്ലെങ്കിൽ സാധാരണ പട്ടിണിയുള്ള ദിവസം ഊട്ടുകയാകുന്നു. അടുത്ത ബന്ധുവായ അനാഥന്. അല്ലെങ്കിൽ, അല്ലെങ്കിൽ പട്ടിണി അനുഭവിക്കുന്ന അഗതിക്ക്. (സൂറത്തുൽ ബലദ് 15,16,17)

ഒരാൾക്ക് അനാഥരോടും പാവങ്ങളോടും യഥാർത്ഥ സ്നേഹമുണ്ടായിരിക്കുകയും അവരുടെ പ്രയാസങ്ങൾ ദൂരീകരിക്കണമെന്ന ശരിയായ ബോധം ഉള്ളിലുണ്ടാവുകയും ചെയ്തിരുന്നുവെങ്കിൽ, പട്ടിണിയുള്ള നാളുകളിൽ അവർക്ക് ഭക്ഷണം നൽകുക എന്നത് അയാളുടെ ബാധ്യതയായിരുന്നു. അതായത്, ക്ഷാമകാലത്ത് അവരെ അന്വേഷിക്കണം അല്ലെങ്കിൽ ദാരിദ്ര്യസമയത്ത് അവർക്ക് ധാന്യങ്ങൾ എത്തിച്ചുകൊടുക്കണം. അയാൾ ഒരു ദിവസം നൂറിലധികം ഒട്ടകങ്ങളെ അറുക്കാറുണ്ടായിരിക്കാം. പക്ഷേ അയാൾ അസ്ഥാനത്താണ് അത് അറുത്തിരുന്നത് എന്നാണ് നാം

ശേഷം പേജ് 11 ൽ

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹു ല്ലാഹുത്തആല ബിനസ് രിഹിൽ അസീസ്) അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ ഹുസൂർ തിരുമനസ്സിന്റെ ആയുരാരോഗ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം ഉണ്ടാകുന്നതിനും ദുആ ചെയ്തു കൊണ്ടിരിക്കുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത് പ്രൊപ്രൈറ്റർ നിഗ്രാൻ ബദർ ബോർഡ്, ഖാദിയാൻ

لَا اِلٰهَ اِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

**എഡിറ്റോറിയൽ**

# നീതിയില്ലാത്തിടത്ത് നാശമുണ്ടാകും!

## മുസ്‌ലിം ഉമ്മത്തിന് വേണ്ടിയും ലോകസമാധാനത്തിന് വേണ്ടിയും പ്രാർത്ഥിക്കുക! നിലവിലെ അമേരിക്ക ഇറാൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ, ലോകജനതയ്ക്കായി ഹദ്‌റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹു തആലാ) നൽകിയ ഹൃദയസ്പർശിയായ ഉപദേശങ്ങൾ.

ഹദ്‌റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹു തആലാ) 2026 മാർച്ച് 6ന് നൽകിയ ജുമുഅ ഖുതുബയിൽ, ഇറാൻഅമേരിക്ക യുദ്ധത്തെക്കുറിച്ചുള്ള ആശങ്ക പ്രകടിപ്പിക്കുകയും ലോകത്ത് എത്രയും വേഗം സമാധാനം സ്ഥാപിക്കുന്നതിനായി ഹൃദയസ്പർശിയായ ഉപദേശങ്ങൾ നൽകുകയും ചെയ്തു.

ഹുസൂർ (അയ്യദഹുല്ലാഹു തആലാ) പറയുന്നു:

തിരുനബി(സ) കൊണ്ടുവന്ന സന്ദേശത്തിന്റെ ലക്ഷ്യം ഏകനായ ദൈവത്തിൽ വിശ്വസിക്കുക, അവനെ ആരാധിക്കുക, അവന്റെ തൗഹീദ് (ഏകദൈവവിശ്വാസം) സ്ഥാപിക്കാനായി പരിശ്രമിക്കുക, അവന്റെ ദാസന്മാരുടെ അവകാശങ്ങൾ നിറവേറ്റുന്നതിനായി പ്രവർത്തിക്കുക എന്നിവയാണ്. പിന്നീട് ഒരു ഏക ഉമ്മത്തായി പരസ്പരം സഹോദരങ്ങളെപ്പോലെ കഴിയുക എന്നതാണ്. എന്നാൽ ഇന്ന് നാം കലിമ ചൊല്ലുന്നവരാണെന്ന അവകാശവാദമുണ്ടായിട്ടും നമ്മൾ ഒരു യൂണിറ്റല്ല. നമ്മുടെ പ്രവൃത്തികൾ നാം അവകാശപ്പെടുന്ന അധ്യാപനങ്ങൾക്ക് അനുസരിച്ചുള്ളതല്ല. തൽഫലമായി, ഇസ്‌ലാമിക ലോകത്തെ പരിശോധിക്കുമ്പോൾ അവസ്ഥ അങ്ങേയറ്റം ചിന്തനീയമാണ്. ചില രാജ്യങ്ങളുടെ പക്കൽ പ്രകൃതിവിഭവങ്ങളും സമ്പത്തുമുണ്ട്, എന്നിട്ടും ലോകശക്തികൾക്ക് മുന്നിൽ അവർക്ക് പ്രത്യേക സ്ഥാനമില്ല; ദീനിന്റെ പുരോഗതിക്കായി അവർക്ക് പ്രത്യേക പങ്കുമില്ല. ഇസ്‌ലാമിക അധ്യാപനങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതിൽ അവരുടെ ഭാഗത്തുനിന്ന് സവിശേഷമായ ശ്രമങ്ങളൊന്നും കാണുന്നില്ല. ഇതിന്റെ ഫലം വ്യക്തമാണ് മറ്റുള്ളവർ ഈ സാഹചര്യം മുതലെടുക്കുന്നു.

മുസ്‌ലിംകൾ ഒരു ജനത എന്ന നിലയിൽ ഒന്നാകാൻ ശ്രമിക്കണമെന്നും ഇതിനായി പരമാവധി പരിശ്രമിക്കണമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. എങ്കിൽ മാത്രമേ ലോകത്തിന്റെ ആക്രമണങ്ങളിൽ നിന്ന് രക്ഷപ്പെടാനും നമ്മുടെ അന്തസ്സ് നിലനിർത്താനും ഇസ്‌ലാം വിരുദ്ധ ശക്തികളെ തടയാനും നമുക്ക് സാധിക്കൂ.

ഇതിനായി അല്ലാഹു ഈ കാലഘട്ടത്തിൽ എന്ത് ക്രമീകരണമാണ് ചെയ്തിട്ടുള്ളതെന്ന് നാം ചിന്തിക്കണം. ഈ ലക്ഷ്യത്തിനായി അല്ലാഹു ഹദ്‌റത്ത് മസീഹ് മൗഊദ്(അ) നെ നിയോഗിച്ചിരിക്കുന്നു.

ലോകസാഹചര്യങ്ങളെക്കുറിച്ച് ഹുസൂർ ഇപ്രകാരം പറഞ്ഞു:

യൂറോപ്യൻ രാജ്യങ്ങൾ സാഹചര്യങ്ങൾ വഷളാക്കാൻ കാരണമാകുമെന്നത് നേരത്തെ തന്നെ ഞാൻ പറഞ്ഞു കൊണ്ടിരിക്കുന്നതാണ്. എന്നാൽ ഇസ്‌ലാമിക രാജ്യങ്ങളും ഈ കുഴപ്പങ്ങളിൽ തങ്ങളുടേതായ പങ്ക് വഹിക്കുന്നുണ്ട്. പാശ്ചാത്യ ശക്തികൾ ആദ്യം ഇസ്‌ലാമിക രാജ്യങ്ങളെ തമ്മിലടിപ്പിച്ചു, ഇപ്പോൾ അവരുടെ വിഭവങ്ങൾ കൈക്കലാക്കാൻ നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഈ ദജ്ജാലിയ്യത്ത് ശക്തികൾക്ക് നമ്മൾ മുസ്‌ലിംകൾ ഐക്യത്തോടെ കഴിയുന്നത് ഒരിക്കലും കണ്ടുനിൽക്കാനാവില്ലെന്ന് മുസ്‌ലിംകൾ മനസ്സിലാക്കണം. മുസ്‌ലിംകൾക്കിടയിൽ എപ്പോഴും കുഴപ്പങ്ങൾ സൃഷ്ടിക്കുക എന്നതാണ് അവരുടെ യഥാർത്ഥ അജണ്ട.'

നമ്മുടെ ജോലി ഇന്ന് പ്രാർത്ഥനയിലൂടെ അല്ലാഹുവിന് മുന്നിൽ പ്രണമിക്കുകയും മുസ്‌ലിം ലോകത്തിന് വേണ്ടി ധാരാളം പ്രാർത്ഥിക്കുകയും ചെയ്യുക എന്നതാണ്.

അമേരിക്ക പല ഇസ്‌ലാമിക രാജ്യങ്ങളിലും സൈനിക താവളങ്ങൾ സ്ഥാപിച്ചിട്ടുണ്ട്, എന്നാൽ എന്തിനുവേണ്ടി? ഈ രാജ്യങ്ങളുടെ സംരക്ഷണത്തിനാണോ? യഥാർത്ഥത്തിൽ ഈ അറബ് രാജ്യങ്ങൾക്ക് ആരിൽ നിന്നാണ് ഭീഷണിയുണ്ടായിരുന്നത്? ഈ ശക്തികൾ തന്നെ ഭീഷണികൾ സൃഷ്ടിക്കുകയും പിന്നീട് നിങ്ങൾക്ക് അപകടമുണ്ട്, അതിനാൽ നിങ്ങളുടെ സംരക്ഷണത്തിനായി ഈ ക്രമീകരണം ചെയ്യുന്നു' എന്ന ധാരണ മുസ്‌ലിം രാജ്യങ്ങൾക്ക് നൽകുകയും ചെയ്തു. മുസ്‌ലിം രാജ്യങ്ങൾക്ക് ആരിൽ നിന്നാണോ യഥാർത്ഥത്തിൽ ഭീഷണിയുള്ളത്, അവർക്കെതിരെ ഈ സൈനിക താവളങ്ങൾ ഒരിക്കലും ഉപയോഗിക്കപ്പെടുകയുമില്ല.

ഇറാൻ എപ്പോഴും ഈ രാജ്യങ്ങൾക്ക് ഒരു കണ്ണിലെ കരടായിരുന്നു. ഇസ്രായേലിനെതിരെയുള്ള ഇറാന്റെ നയം കൂടുതൽ കർക്കശമായിരുന്നു, കൂടാതെ മറ്റ് ഇസ്‌ലാമിക രാജ്യങ്ങളുമായി വിശ്വാസപരമായ അഭിപ്രായവ്യത്യാസങ്ങളും ഉണ്ടായിരുന്നു. ഇതിനെയെല്ലാം ഈ ആഗോള ശക്തികൾ മുതലെടുക്കുകയും ഈ മേഖലയിൽ തങ്ങളുടെ സാന്നിധ്യം ഉറപ്പാക്കുകയും ചെയ്തു. ഈ സൈനിക താവളങ്ങൾ കാരണമാണ് അറബ് രാജ്യങ്ങൾക്ക് നേരെ ആക്രമണ ഭീഷണി നിലനിന്നിരുന്നത്. പിന്നീട് ആക്രമണം ഉണ്ടാവുകയും അത് അറബ് രാജ്യങ്ങളുടെ സമ്പദ്‌വ്യവസ്ഥയെ തകർക്കുകയും ചെയ്തു. ഈ സാഹചര്യത്തിന്റെ ഗുണം ആഗോള ശക്തികൾക്ക് മാത്രമാണ് ലഭിച്ചത്, ഭാവിയിലും അത് അങ്ങനെ തന്നെയായിരിക്കും.

ഇറാഖ് യുദ്ധസമയത്ത് ഹദ്‌റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്), ഈ കുഴപ്പങ്ങൾ ഇനിയും വർദ്ധിക്കുമെന്ന് പ്രവചിച്ചിരുന്നു. മുസ്‌ലിം രാജ്യങ്ങൾ ഇതിൽ നിന്ന് പാഠം ഉൾക്കൊണ്ടിരുന്നെങ്കിൽ എന്ന് ആശിച്ചു പോകുന്നു.

ഈ അശാന്തിയെല്ലാം ഈ ആഗോള ശക്തികൾ തന്നെ പടച്ചുവിട്ടതാണ്, അല്ലാഹുവിന്റെ പ്രത്യേകമായ വല്ല വിധിയും ഉണ്ടാകാതെ ഇതിന് അറുതി വരുമെന്ന് കാണുന്നില്ല. അതിനായി അവർ പരിശ്രമിക്കേണ്ടതുണ്ട്, നമ്മൾ പ്രാർത്ഥിക്കുകയും വേണം.

അക്രമം ദിനം പ്രതി വർദ്ധിച്ചു വരുന്ന രീതി കാണുമ്പോൾ ഒരു വൻ യുദ്ധം (ലോകമഹായുദ്ധം) നടക്കാൻ പോകുന്നു എന്ന് തോന്നുന്നു. ചില പാശ്ചാത്യ നിരീക്ഷകരുടെ അഭിപ്രായത്തിൽ ലോകമഹായുദ്ധം ആരംഭിച്ചു കഴിഞ്ഞു. ഞാനും പറയുന്നത് അത് ആരംഭിച്ചു കഴിഞ്ഞു എന്നാണ്. എങ്കിലും ഇപ്പോഴും മുസ്‌ലിം ലോകം ബുദ്ധിപൂർവ്വം പ്രവർത്തിക്കുകയാണെങ്കിൽ ദജ്ജാലിന്റെ ഫിത്നയിൽ നിന്ന് അവർക്ക് രക്ഷപ്പെടാൻ സാധിക്കും.

മധ്യേഷ്യയിൽ (Middle East) നടന്നു കൊണ്ടിരിക്കുന്ന യുദ്ധം അമേരിക്ക ഇറാനെ ആക്രമിച്ചതോടെയാണ് തുടങ്ങിയതെന്ന് പറയാമെങ്കിലും, തങ്ങൾ ആക്രമിക്കപ്പെട്ടാൽ അറബ് രാജ്യങ്ങളിലെ അമേരിക്കൻ താവളങ്ങൾ ആക്രമിക്കുമെന്ന് ഇറാൻ നേരത്തെ മുന്നറിയിപ്പ് നൽകിയിരുന്നു; അതുതന്നെ സംഭവിക്കുകയും ചെയ്തു. ഇവർ ഭരണകൂട മാറ്റം (Regime Change) എന്ന മുദ്രാവാക്യമാണ് ഉയർത്തിയിരുന്നത്, എന്നാൽ എന്താണ് ലഭിച്ചത്? ഖാംനഈ സാഹിബിന് ശഹാദത്തിന്റെ പദവി ലഭിച്ചു, അദ്ദേഹത്തിന്റെ അന്തസ്സ് വർദ്ധിക്കുകയാണുണ്ടായത്. അദ്ദേഹത്തിന്റെ കുടുംബത്തെ മുഴുവൻ വധിച്ചതുകൊണ്ട് എന്ത് ഭരണമാറ്റമാണ് ഉണ്ടാവുക? പകരം ആ ജനത കൂടുതൽ ഐക്യപ്പെടുകയാണ് ചെയ്തത്.

മധ്യേഷ്യയിലെ അറബ് രാജ്യങ്ങൾക്ക് സ്വന്തമായി പ്രതിരോധ ശേഷിയില്ല, അവർ പൂർണ്ണമായും പാശ്ചാത്യ ശക്തികളെയാണ് ആശ്രയിക്കുന്നത്. ഈ യുദ്ധം ഇപ്പോൾ ഭയാനകമായ രൂപം കൈവരിച്ചിരിക്കുകയാണ്.

അറബ് ശക്തികൾക്ക് ഒരു വശത്ത് എണ്ണക്കിണറുകൾ അടച്ചുപൂട്ടുന്നത് വഴി വലിയ നഷ്ടം സംഭവിക്കുന്നു, വിലക്കയറ്റം വർദ്ധിക്കുന്നു; മറുവശത്ത് ഈ യുദ്ധത്തിൽ അമേരിക്കൻ പ്രതിരോധ സഹായം തേടുന്നതിനുള്ള വൻതുകയും അവർക്ക് നൽകേണ്ടി വരുന്നു. ഇതെല്ലാം അറബ് ലോകത്തിന്റെ സമ്പദ്‌വ്യവസ്ഥയെ കഠിനമായി ബാധിക്കും.

അമേരിക്കൻ പ്രസിഡന്റ് മുൻഗാമികളായ ഗവൺമെന്റുകളുടെ അതേ നയങ്ങൾ തന്നെയാണ് പിന്തുടരുന്നത്. ഇത് ഇന്നത്തെ മാത്രം നയമല്ല, മറിച്ച് ദീർഘകാലമായുള്ളതാണ്. അവർക്ക് എവിടെയാണോ താൽപ്പര്യം അവിടെയുള്ള വിഭവങ്ങൾ കൈക്കലാക്കുക, അതിനായി എന്തെങ്കിലും കാരണങ്ങൾ നിരത്തുക എന്നതാണ് അവരുടെ രീതി. തങ്ങളോടൊപ്പം നിൽക്കാത്ത രാജ്യങ്ങളെ ഭീഷണിപ്പെടുത്തിയും സമ്മർദ്ദത്തിലാക്കിയും വരുതിയിലാക്കാൻ ശ്രമിക്കുന്നു.

എവിടെയാണോ നീതിയില്ലാത്തത് അവിടെ നാശമുണ്ടാകും. ഈ ശക്തികൾ നൂറുകണക്കിന് കുഞ്ഞുങ്ങളെയും നിരപരാധികളെയും കൊന്നൊടുക്കി. കുഞ്ഞുങ്ങളുടെ സ്കൂളുകൾക്ക് നേരെ ബോംബെറിയുന്ന ഇത് എന്തുതരം യുദ്ധമാണ്? ഇതിനെക്കുറിച്ച് ചോദിക്കാൻ ആരുമില്ല.

തൗഹീദ് (ഏകദൈവവിശ്വാസം) സ്ഥാപിക്കാനാണ് ഇസ്‌ലാം വന്നത്. ഈ ലക്ഷ്യത്തിനായി മുസ്‌ലിം രാജ്യങ്ങൾ പരിശ്രമിക്കുകയും ഐക്യപ്പെടുകയും വേണം. ഈ വൻശക്തികളെ തങ്ങളുടെ ദൈവമായി കാണരുത്; അല്ലാത്തപക്ഷം ഈ രാജ്യങ്ങൾ ഓരോന്നായി എല്ലാ ഇസ്‌ലാമിക രാജ്യങ്ങളെയും അവരുടെ വിഭവങ്ങളെയും കൈക്കലാക്കും.

വിശ്വാസികളായ രണ്ട് വിഭാഗങ്ങൾ തമ്മിൽ യുദ്ധം ചെയ്താൽ അവർക്കിടയിൽ സന്ധി ഉണ്ടാക്കാൻ ഖുർആൻ മുസ്‌ലിംകൾക്ക് വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. സന്ധിക്ക് ശേഷം അവരിൽ ആരെങ്കിലും മറ്റൊരാളെ ആക്രമിക്കുകയാണെങ്കിൽ, അക്രമി അല്ലാഹുവിന്റെ കല്പനയിലേക്ക് മടങ്ങിവരുന്നത് വരെ എല്ലാവരും ചേർന്ന് അവനോട് യുദ്ധം ചെയ്യുക. അവൻ മടങ്ങിവന്നാൽ അവർക്കിടയിൽ നീതിയോടെ സന്ധി ഉണ്ടാക്കുക.

ലോകസമാധാനത്തിന് അത്യാവശ്യമായ ഒരു കല്പനയാണിത്.

ശേഷം പേജ് 24 ൽ

# ഖുത്ബ ജുമുഅ

**2026 ഫെബ്രുവരി 20, 1405 തബ്‌ലീഗ് 20 മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സറേ), യു.കെ**

**റമദാൻ: അല്ലാഹുവുമായുള്ള ശാശ്വതമായ സാമീപ്യത്തിലേക്കും ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുന്ന ആത്മസംസ്കരണത്തിലേക്കുമുള്ള പാത**

**സർവ്വശക്തനായ അല്ലാഹു ഏകാന്തജീവിതവും പൊതുജീവിതവും തമ്മിൽ തിരഞ്ഞെടുക്കാൻ എനിക്ക് അവസരം നൽകുകയാണെങ്കിൽ, ആ പരിശുദ്ധമായ സത്തയെ സാക്ഷിനിർത്തി ഞാൻ പറയുന്നു, ഞാൻ ഏകാന്തതയെ മാത്രമേ തിരഞ്ഞെടുക്കുകയുള്ളൂ. പ്രായോഗിക സേവനത്തിന്റെ രംഗത്തേക്ക് എന്നെ പിടിച്ചുകൊണ്ടുവന്നത് അല്ലാഹുവാണ്. ഏകാന്തതയിൽ ഞാൻ അനുഭവിക്കുന്ന ആനന്ദം അല്ലാഹുവിനല്ലാതെ മറ്റാർക്കാണ് അറിയാവുന്നത്? ഏകദേശം 25 വർഷത്തോളം ഞാൻ ഏകാന്തതയിൽ കഴിഞ്ഞു; ഒരിക്കൽ പോലും ഭൗതിക പ്രശസ്തിയുടെ ഇരിപ്പിടത്തിൽ ഇരിക്കാൻ ഞാൻ ആഗ്രഹിച്ചിട്ടില്ല. പ്രകൃത്യാ തന്നെ ജനങ്ങളുമായി ഇടപഴകുന്നതിൽ എനിക്ക് വിമുഖതയുണ്ടായിരുന്നു; എങ്കിലും ദിവ്യകല്പനയാൽ ഞാൻ ഇതിന് നിർബന്ധിതനായിരിക്കുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)**

റമദാൻ മാസത്തിന് ശേഷവും അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെയും ആരാധനയുടെയും നിലവാരം നാം ഉയർത്തിപ്പിടിക്കുകയും അത് കൂടുതൽ മെച്ചപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യുമ്പോൾ മാത്രമേ ഇതിന്റെ യഥാർത്ഥ ഗുണം ലഭിക്കുകയുള്ളൂ എന്ന് എപ്പോഴും ഓർക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ നമ്മുടെ സൃഷ്ടിപ്പിന്റെ ലക്ഷ്യം നിറവേറ്റാൻ നമുക്ക് സാധിക്കുകയുള്ളൂ.

**തിരുനബി(സ)യും നബി(സ)ന്റെ ഭക്തദാസൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം എങ്ങനെയാണോ ആരാധനകൾ നിർവ്വഹിച്ചതും അല്ലാഹുവുമായുള്ള ബന്ധം നിലനിർത്തിയതും, ആ രീതി അവലംബിക്കാനും മാർഗ്ഗനിർദ്ദേശങ്ങൾ പിന്തുടരാനും നാം നിരന്തരം പരിശ്രമിക്കണം. ഈ സംഭവങ്ങൾ കേട്ട് സന്തോഷിക്കുക മാത്രം ചെയ്യരുത്; മറിച്ച്, അവ നമുക്ക് മാർഗ്ഗദർശനമായി മാറണം.**

മനുഷ്യൻ എപ്പോഴും സർവ്വശക്തനായ അല്ലാഹുവിനെ ഭയപ്പെടുന്നവനായിരിക്കണം, ദിവസവും അഞ്ചുനേരം അവനോട് പ്രാർത്ഥിക്കുകയും വേണം. (ഹദ്റത്ത് മസീഹ് മൗഊദ്(അ))

**വിവിധ ജമാഅത്തുകളിൽ (മുസ്‌ലിഹ് മൗഊദ് ദിന) യോഗങ്ങൾ നടക്കുന്നുണ്ട്, അവയിലൂടെ ഇതിന്റെ ചരിത്രം മനസ്സിലാക്കാൻ സാധിക്കും. കൂടാതെ എം.ടി.എ (MTA) വഴി സംപ്രേക്ഷണം ചെയ്യുന്ന പരിപാടികളിലൂടെയും ഇത് അറിയാൻ കഴിയും. അഹ്മദികൾ അവ കാണേണ്ടതാണ്.**

ഒരു മനുഷ്യൻ എപ്പോഴും തന്റെ പര്യവസാനം നന്നാകുന്നതിനായി പ്രാർത്ഥിക്കുകയും വിശ്വാസത്തിൽ ഉറച്ചുനിൽക്കാൻ പരിശ്രമിക്കുകയും വേണം. അതിനായി നാം അല്ലാഹുവിനോട് അപേക്ഷിക്കണം; പ്രത്യേകിച്ച് റമദാനിലെ പ്രാർത്ഥനകളിൽ, അല്ലാഹു നമുക്ക് അനുഗൃഹീതമായ ഒരു പര്യവസാനം നൽകുന്നതിനും വിശ്വാസത്തിൽ നമ്മെ സ്ഥിരപ്പെടുത്തുന്നതിനുമായി എല്ലാവരും പ്രാർത്ഥിക്കേണ്ടതുണ്ട്.

**രാത്രി കാവൽ സമയത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ ടെന്റിന് സമീപത്തുകൂടി കടന്നുപോകുമ്പോഴെല്ലാം അദ്ദേഹം നമസ്കാരിച്ചുകൊണ്ടിരുന്നത് അവർ കാണുമായിരുന്നു. അദ്ദേഹം എപ്പോഴാണ് യഥാർത്ഥത്തിൽ ഉറങ്ങിയിരുന്നത് എന്നത് ഒരു അത്ഭുതമായിരുന്നു. (നിവേദനം)**

ഹദ്റത്ത് മസീഹ് മൗഊദ്(അ) അതീവ വിനയത്തോടും എളിമയോടും കൂടിയാണ് തഹജ്ജുദ്  നിസ്കാരം നിർവ്വഹിച്ചിരുന്നത് . ചെറിയ പള്ളിക്ക് എതിർവശത്തുള്ള ചെറിയ മുറിയിൽ നിന്നും അദ്ദേഹത്തിന്റെ ശബ്ദം കേൾക്കാമായിരുന്നു. اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ (ഞങ്ങളെ നീ നേർവഴിയിൽ നയിക്കേണമേ) എന്ന വചനം  ആവർത്തിച്ചു ചൊല്ലുക എന്നത് അദ്ദേഹത്തിന്റെ പതിവായിരുന്നു.

**നാം ഇപ്പോൾ റമദാനിലൂടെ കടന്നുപോയിക്കൊണ്ടിരിക്കുകയാണ്, അതിനാൽ പൊതുവെ ആളുകൾക്ക് തഹജ്ജുദ് നിസ്കരിക്കാൻ സാധിക്കുന്നുണ്ടാകും. ഇല്ലെങ്കിൽ, അതിനായി പരിശ്രമിക്കേണ്ടതുണ്ട്. തീർച്ചയായും പള്ളികളിൽ തറാവീഹ് നിസ്കാരം നടക്കുന്നുണ്ട്; ... തഹജ്ജുദിന്റെ കുറവ് പൂർണ്ണമായി നികത്താൻ ഇതിന് കഴിയില്ല. രാത്രിയിൽ എഴുന്നേറ്റ് തഹജ്ജുദ് നിസ്കരിക്കുക എന്നത് തിരുനബി(സ)യുടെ ചര്യയും അദ്ദേഹത്തിന്റെ യഥാർത്ഥ ദാസനായ ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ രീതിയുമാണ്. അതിനാൽ തറാവീഹ് നിസ്കരിച്ചുവെങ്കിലും രാത്രിയിൽ രണ്ടോ നാലോ റക്അത്ത് തഹജ്ജുദ് നിസ്കരിക്കാൻ ശ്രമിക്കണം, എന്തായാലും തഹജ്ജുദ് ശീലമാക്കേണ്ടതാണ്.**

ഹദ്റത്ത് മസീഹ് മൗഊദ്(അ) എപ്പോഴും വുളൂവോടു കൂടിയാണ് ഇരുന്നിരുന്നതെന്ന് എനിക്ക് ബോധ്യമായി.അദ്ദേഹം താഴ്ന്ന സ്വരത്തിൽ നിരന്തരമായി سُبۡحَانَ اللّٰهِ وَبِحَمۡدِهٖ سُبۡحَانَ اللّٰهِ الۡعَظِيۡمِ (അല്ലാഹു പരിശുദ്ധനാകുന്നു, അവനാണ് സർവ്വ സ്തുതിയും; മഹാനായ അല്ലാഹു പരിശുദ്ധനാകുന്നു) എന്ന് ഉരുവിടുകയും ചെയ്യുമായിരുന്നു.

**കഷ്ടം! ഞങ്ങൾ അദ്ദേഹത്തെ വിലമതിച്ചില്ല. അദ്ദേഹത്തിന്റെ ആത്മീയ ഔന്നത്യങ്ങളെ വിവരിക്കാൻ എനിക്ക് സാധിക്കില്ല. അദ്ദേഹത്തിന്റെ ജീവിതം ഒരു സാധാരണ മനുഷ്യന്റേതായിരുന്നില്ല; മറിച്ച് അദ്ദേഹം ഈ ലോകത്ത് വല്ലപ്പോഴും മാത്രം പ്രത്യക്ഷപ്പെടുന്ന അല്ലാഹുവിന്റെ ആ സവിശേഷ ദാസന്മാരിൽ ഒരാളായിരുന്നു.** (സയ്യിദ് മീർ ഹസൻ സാഹിബിന്റെ പ്രസ്താവന)

നമസ്കാര സമയമായാൽ തന്റെ അഭാവം മൂലം ഉണ്ടായേക്കാവുന്ന യാതൊരു നഷ്ടത്തെക്കുറിച്ചും ചിന്തിക്കാതെ അദ്ദേഹം കോടതി വിളി ഉപേക്ഷിക്കുകയും ദൈവികകോടതിയുടെ വിളിക്ക് ഉത്തരം നൽകിക്കൊണ്ട് അല്ലാഹുവിന്റെ മുന്നിൽ ഹാജരാവുകയും ചെയ്യുമായിരുന്നു. (നിവേദനം)

**കോടതിക്കുള്ളിൽ പോലും, നമസ്കാര സമയമായാൽ തനിക്ക് മറ്റ് ജോലികളൊന്നുമില്ലെന്ന രീതിയിൽ അദ്ദേഹം നമസ്കാരത്തിൽ മുഴുകുമായിരുന്നു. കോടതി അദ്ദേഹത്തെ വിളിക്കുമ്പോഴും അദ്ദേഹം അതിലൊന്നും ശ്രദ്ധിക്കാതെ നമസ്കാരത്തിൽ തുടർന്ന സംഭവങ്ങളും അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്.**

അദ്ദേഹം എപ്പോഴും ആ ഏകനായ സത്തയിൽ (അല്ലാഹുവിൽ) പൂർണ്ണമായി ലയിച്ചുചേരുകയും അവനിൽ സംതൃപ്തനായിരിക്കുകയും ചെയ്തു. അത് രാവായാലും പകലായാലും, ഏകാന്തതയിലായാലും സദസ്സിലായാലും ആ യഥാർത്ഥ പ്രിയതമന്റെ സ്മരണ അദ്ദേഹത്തിന്റെ ഹൃദയത്തിൽ നിന്നും ഒരിക്കലും മാഞ്ഞുപോയിരുന്നില്ല.

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ - بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ -

اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ الرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○

اِھۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡھِمۡ ۬ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡھِمۡ وَلَا الضَّآلِّیۡنَ ○

**അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്നലെ റമദാൻ ആരംഭിച്ചിരിക്കുകയാണ്.**

അല്ലാഹുവുമായി ഒരു ബന്ധം സ്ഥാപിക്കുന്നതിനും നമ്മുടെ ആത്മീയാവസ്ഥ മെച്ചപ്പെടുത്തുന്നതിനും വേണ്ടി നാം ഒരുമിച്ച് പരിശ്രമിക്കുന്നതിനായിട്ടാണ് സർവ്വശക്തനായ അല്ലാഹു ഈ അനുഗൃഹീത മാസമായ റമദാൻ നമുക്കായി നിശ്ചയിച്ചു തന്നിട്ടുള്ളത്. ഇതിൽ നിന്നും പരമാവധി പ്രയോജനം നേടാൻ അല്ലാഹു ഓരോ അഹ്മദിയെയും അനുഗ്രഹിക്കട്ടെ. എങ്കിലും,

**റമദാൻ മാസത്തിന് ശേഷവും അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെയും ആരാധനയുടെയും നിലവാരം നാം ഉയർത്തിപ്പിടിക്കുകയും അത് കൂടുതൽ മെച്ചപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യുമ്പോൾ മാത്രമേ ഇതിന്റെ യഥാർത്ഥ ഗുണം ലഭിക്കുകയുള്ളൂ എന്ന് എപ്പോഴും ഓർക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ നമ്മുടെ സൃഷ്ടിപ്പിന്റെ ലക്ഷ്യം നിറവേറ്റാൻ നമുക്ക് സാധിക്കുകയുള്ളൂ.**

കഴിഞ്ഞ ഏതാനും ഖുത്ബകളിൽ തിരുനബി(സ)ക്ക് അല്ലാഹുവിനോടുള്ള സ്നേഹം, തിരുനബി(സ) ആരാധനകൾ നിർവ്വഹിച്ചിരുന്ന രീതി, ആ ആരാധനകളുടെ നിലവാരം, വിശ്വാസികൾ അതനുസരിച്ച് പ്രവർത്തിക്കുന്നതിനായി നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയെക്കുറിച്ച് ഞാൻ പരാമർശിക്കുകയുണ്ടായി. ഇതിനെത്തുടർന്ന്, തിരുനബി(സ)യുടെ ഉത്തമ മാതൃകയെ അതിന്റെ യഥാർത്ഥ അർത്ഥത്തിൽ പിന്തുടർന്ന തിരുനബി(സ) യുടെ ഭക്തദാസനായ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതത്തിലെ സംഭവങ്ങളും ഞാൻ വിവരിച്ചിരുന്നു. ഈ വിഷയം തുടരുകയാണ്, ഇന്ന് റമദാനുമായി ബന്ധപ്പെട്ടും ഇത് ചർച്ച ചെയ്യുന്നതാണ്.

**അല്ലാഹുവുമായുള്ള ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബന്ധത്തെയും പ്രാർത്ഥനകളോടുള്ള അദ്ദേഹത്തിന്റെ താല്പര്യത്തെയും എടുത്തുകാണിക്കുന്ന ചില സംഭവങ്ങൾ ഞാൻ ഇവിടെ അവതരിപ്പിക്കാം. യജമാനനും ദാസനും (തിരുനബി(സ)യും ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം) തമ്മിലുള്ള സ്നേഹത്തെയും ആരാധനയെയും സംബന്ധിച്ച ഈ വിവരണങ്ങൾ നമുക്ക് മുന്നിൽ എത്തിച്ചു എന്നത് അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹമാണ്. ഇത് നമ്മുടെ ആത്മീയാവസ്ഥ വിലയിരുത്താനും അത് മെച്ചപ്പെടുത്താനുമുള്ള അവസരം നൽകുന്നു.**

അതുകൊണ്ട്, ഞാൻ ഇപ്പോൾ വിവരിക്കുന്നതോ മുമ്പ് വിവരിച്ചതോ ആയ ഓരോ സംഭവവും നമ്മുടെ സ്വന്തം അവസ്ഥ വിലയിരുത്താനും ആത്മീയത മെച്ചപ്പെടുത്താനുമായി നാം ശ്രദ്ധിക്കേണ്ടതുണ്ട്. **കൂടാതെ, തിരുനബി(സ)യും നബി(സ)ന്റെ ഭക്തദാസൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം എങ്ങനെയാണോ ആരാധനകൾ നിർവ്വഹിച്ചതും അല്ലാഹുവുമായുള്ള ബന്ധം നിലനിർത്തിയതും, ആ രീതി അവലംബിക്കാനും മാർഗ്ഗനിർദ്ദേശങ്ങൾ പിന്തുടരാനും നാം നിരന്തരം പരിശ്രമിക്കണം. ഈ സംഭവങ്ങൾ കേട്ട് സന്തോഷിക്കുക മാത്രം ചെയ്യരുത്; മറിച്ച്, അവ നമുക്ക് മാർഗ്ഗദർശനമായി മാറണം.**

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതത്തിലെ സംഭവങ്ങളുമായി ബന്ധപ്പെട്ട്, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ) രേഖപ്പെടുത്തിയ ഒരു നിവേദനം ഞാൻ ഇവിടെ അവതരിപ്പിക്കാം. മൗലവി മുഹമ്മദ് അബ്ദുള്ള സാഹിബ് ബോട്ടാൽവി വിവരിച്ച ഒരു സംഭവം അദ്ദേഹം ഇപ്രകാരം എഴുതിയിരിക്കുന്നു:

ഏകദേശം 1907ൽ, പരേതനായ ഖാസി സിയാവുദ്ദീൻ സാഹിബിന്റെ മകളും എന്റെ മാതൃസഹോദര പുത്രിയുമായ അമത്തുർ റഹ്മാൻ സാഹിബ എനിക്ക് ഒരു ചെറിയ കടലാസ് കഷ്ണം നൽകി. സാധാരണഗതിയിൽ അത് ഒരു പാഴ്ക്കടലാസായിട്ടേ കണക്കാക്കുമായിരുന്നുള്ളൂ. എന്നിരുന്നാലും, അതിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ (റ) അവരുടെയും കൈപ്പടയിലുള്ള എഴുത്തുകൾ ഉണ്ടായിരുന്നതിനാൽ, ഒരു പുണ്യ സ്മരണികയായി ഞാൻ അത് സന്തോഷപൂർവ്വം സ്വീകരിച്ചു.

അദ്ദേഹം തുടർന്ന് പറയുന്നു:

ഏതോ ഒരു സന്ദർഭത്തിൽ ചില പുസ്തകങ്ങൾക്കിടയിൽ വെച്ച് എനിക്ക് ആ കടലാസ് നഷ്ടപ്പെട്ടു. എങ്കിലും, അമത്തുർ റഹ്മാൻ സാഹിബ തന്നെ എന്നോട് വിവരിച്ച ഒരു സംഭവവുമായി ബന്ധപ്പെട്ടതായിരുന്നു അത്. പാഴ്ക്കടലാസ് എന്ന് തോന്നിപ്പിക്കുന്ന ആ കഷ്ണത്തിൽ എഴുതിയിരുന്ന ലളിതമായ വരികൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നു അല്ലാഹുവുമായുള്ള ബന്ധം, അദ്ദേഹത്തിന്റെ നീതിനിഷ്ഠ, വിശുദ്ധി, ആരാധനകളോടുള്ള അഗാധമായ താല്പര്യം എന്നിവയിലേക്ക് വെളിച്ചം വീശുന്നതായിരുന്നു. അതിനാൽ തന്നെ അത് പരാമർശിക്കേണ്ടത് ആവശ്യമാണെന്ന് ഞാൻ കരുതി.

അമത്തുർ റഹ്മാൻ സാഹിബ ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ വീട്ടിൽ താമസിച്ചിരുന്ന കാലത്ത് നിരീക്ഷിക്കുകയും പിന്നീട് എന്നോട് വിവരിക്കുകയും ചെയ്തത് ഇപ്രകാരമാണ്: ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നും ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ (റ) നും കണ്ണുകൾ അടച്ചുപിടിച്ചുകൊണ്ട് കടലാസിൽ എഴുതാൻ സാധിക്കുമോ എന്ന് പരീക്ഷിച്ചു നോക്കാൻ ഒരു ആഗ്രഹം തോന്നി. വീടിനുള്ളിലെ തികച്ചും ലളിതമായ ഒരു സാഹചര്യത്തിൽ ഭാര്യാഭർത്താക്കന്മാർ തമ്മിൽ നടന്ന ഒരു ചെറിയ പരീക്ഷണമെന്ന നിലയിലായിരുന്നു ഇത് നടന്നത്.'

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു കടലാസ് കഷ്ണം എടുത്ത് അതിൽ ചിലത് എഴുതി. താൻ എഴുതിയ ഓരോ വാക്കും തനിക്ക് കൃത്യമായി ഓർമ്മയുണ്ടെന്ന് അദ്ദേഹം പ്രസ്താവിച്ചു. ആ കടലാസ് കഷ്ണം പിന്നീട് നഷ്ടപ്പെട്ടുവെങ്കിലും, അത് എവിടെയെങ്കിലും കണ്ടെത്തുകയാണെങ്കിൽ താൻ പറഞ്ഞ അതേ വാക്കുകൾ തന്നെയാകും അതിൽ ഉണ്ടാവുക എന്ന് പൂർണ്ണ ആത്മവിശ്വാസത്തോടെ അദ്ദേഹം പറഞ്ഞു.

കണ്ണുകൾ അടച്ചുപിടിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) അതിൽ എഴുതിയത് ഇപ്രകാരമായിരുന്നു: **മനുഷ്യൻ എപ്പോഴും സർവ്വശക്തനായ അല്ലാഹുവിനെ ഭയപ്പെടുന്നവനായിരിക്കണം, ദിവസവും അഞ്ചുനേരം അവനോട് പ്രാർത്ഥിക്കുകയും വേണം.**

തന്റെ അനുയായികൾ സ്വീകരിക്കണമെന്ന് അദ്ദേഹം നിരന്തരം ആവശ്യപ്പെട്ടിരുന്ന നിലവാരം ഇതായിരുന്നു. തന്റെ അനുയായികൾ സത്യത്തിൽ (ഓരോ വിശ്വാസിയും) ദൈവഭയമുള്ളവരായിരിക്കണമെന്നും എപ്പോഴും ആരാധനകളിൽ താല്പര്യമുള്ളവരായിരിക്കണമെന്നുമായിരുന്നു അദ്ദേഹത്തിന്റെ എപ്പോഴത്തെയും ചിന്ത.

എന്തായാലും, ഹദ്റത്ത് അമ്മ ജാൻ (റ) ആ കടലാസിൽ എഴുതിയ കാര്യങ്ങളും ഞാൻ പരാമർശിക്കാം; അത് സാധാരണ ഗാർഹിക കാര്യങ്ങളുമായി ബന്ധപ്പെട്ടതായിരുന്നു. 'മഹ്മൂദ് എന്റെ പ്രിയപ്പെട്ട മകനാണ്; അവനോട് ആരും ഒന്നും പറയരുത്' എന്ന ലളിതമായ വരികളാണ് ഹദ്റത്ത് അമ്മ ജാൻ (റ) എഴുതിയത്. കുട്ടികളെ സംബന്ധിച്ച മറ്റൊരു വാചകം കൂടി അവർ എഴുതി: 'മുബാറക് അഹ്മദ് ബിസ്കറ്റ് ചോദിക്കുന്നു.' ഇതായിരുന്നു ഇരുവരും എഴുതിയ കാര്യങ്ങൾ.

സാധാരണ വീട്ടുവിശേഷങ്ങളാണ് അവർ എഴുതിയതെന്ന് അദ്ദേഹം (നിവേദകൻ) വിവരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അവരുടെ എഴുത്ത് അല്പം മുറിഞ്ഞതുപോലെ തോന്നിപ്പിച്ചെങ്കിലും അത് വ്യക്തമായി വായിക്കാൻ കഴിയുന്നതായിരുന്നു. കണ്ണടച്ച് എഴുതിയതാണെങ്കിലും വരികൾ നേരെയായിരുന്നു. എന്നാൽ ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് അമ്മജാൻ (റ) എഴുതിയ അക്ഷരങ്ങൾ വരികൾക്ക് മുകളിലും താഴെയുമായി ക്രമം തെറ്റിയ നിലയിലായിരുന്നു.

ഈ സംഭവത്തിൽ തന്നെ വളരെയധികം സന്തോഷിപ്പിക്കുന്ന ഒരു പ്രധാന കാര്യമുണ്ടെന്ന് അദ്ദേഹം തുടർന്ന് പ്രസ്താവിക്കുന്നു. യാതൊരു മുൻകരുതലുമില്ലാതെ വീട്ടിൽ ഇരിക്കുമ്പോൾ പെട്ടെന്ന് എന്തെങ്കിലും എഴുതാൻ ആവശ്യപ്പെട്ടാൽ പോലും, ഉപദേശങ്ങളും നിർദ്ദേശങ്ങളുമല്ലാതെ മറ്റൊന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ) അവരുടെ മനസ്സിലേക്ക് വന്നില്ല. നേരെമറിച്ച്, ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ (റ) എഴുതിയത് തന്റെ ചുറ്റുപാടുകൾക്ക് അനുസൃതമായി സ്വാഭാവികമായും മനസ്സിൽ വരുന്ന കാര്യങ്ങളായിരുന്നു.

**ദൈവനിയുക്തരായ ആളുകളും മറ്റുള്ളവരും തമ്മിലുള്ള വ്യത്യാസമാണ് ഇത് വ്യക്തമാക്കുന്നത് എന്ന് അദ്ദേഹം എഴുതുന്നു. ജനങ്ങളെ എങ്ങനെ അല്ലാഹുവിലേക്ക് അടുപ്പിക്കാം എന്നും അവരിൽ ആരാധനയോടുള്ള സ്നേഹം എങ്ങനെ വളർത്താം എന്നുമുള്ള ചിന്തകളാൽ അദ്ദേഹത്തിന്റെ ഹൃദയം എപ്പോഴും നിറഞ്ഞിരുന്നു.**

(സീറത്തുൽ മഹ്ദി, വാല്യം 2, ഭാഗം 4, നിവേദനം 1204, പേജ്: 148,149)

**ഇത് തികച്ചും ഒരു കുടുംബസാഹചര്യത്തിൽ നടന്ന സംഭവമാണെങ്കിലും ഇതിൽ വളരെ ആഴമേറിയ ഒരു പാഠം അടങ്ങിയിട്ടുണ്ട്.**

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് (റ) മറ്റൊരു സംഭവം കൂടി നിവേദനം ചെയ്തിട്ടുണ്ട്: മിയാൻ അബ്ദുള്ള സനൗരി (റ) വിവരിക്കുന്നു; 1884ൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഏകാന്തവാസം നയിക്കുന്നതിനും ഇന്ത്യയിലുടനീളം യാത്ര ചെയ്യുന്നതിനുമായി ഖാദിയാനിൽ നിന്നും പുറപ്പെടാൻ തീരുമാനിച്ചു. അതനുസരിച്ച് ഗുർദാസ്പൂർ ജില്ലയിലെ സുജാൻപൂരിൽ ഏകാന്തവാസം നയിക്കാനായിരുന്നു അദ്ദേഹം ഉദ്ദേശിച്ചിരുന്നത്. ഇതുമായി ബന്ധപ്പെട്ട് അദ്ദേഹം എനിക്ക് സ്വന്തം കൈപ്പടയിൽ ഒരു പോസ്റ്റ്കാർഡ് അയച്ചു.

ഈ സംഭവം വിവരിക്കുന്ന മിയാൻ അബ്ദുള്ള സാഹിബ് (റ) പ്രസ്താവി

• ഹദീഥുന്നബ്വി ﷺ •

"അക്‌റിമൂ ഔലാദക്കും."
നിങ്ങൾ നിങ്ങളുടെ മക്കളെ ആദരിക്കുക.

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

• ഹദീഥുന്നബ്വി ﷺ •

"അൽഅമാനത്തു ഇസ്സുൻ."
വിശ്വസ്തത അന്തസ്സാണ്.

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

ക്കുന്നത്, ഈ യാത്രയിൽ താനും കൂടെ വരാനും ഇന്ത്യയിലുടനീളം സഞ്ചരിക്കാനും അനുവാദം ചോദിച്ചുവെന്നാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) വാത്സല്യപൂർവ്വം അതിന് അനുവാദം നൽകി. എന്നാൽ, പിന്നീട് സുജാൻപൂർ യാത്രയെ സംബന്ധിച്ച് അദ്ദേഹത്തിന് ഇപ്രകാരം ഒരു ഇൽഹാം ലഭിച്ചു: 'നിന്റെ ലക്ഷ്യം ഹോശിയാർപൂരിൽ വെച്ച് നിറവേറുന്നതാണ്.'

അതനുസരിച്ച്, അദ്ദേഹം സുജാൻപൂരിലേക്കുള്ള യാത്ര ഉപേക്ഷിക്കുകയും പകരം ഹോശിയാർപൂരിലേക്ക് പോകാൻ തീരുമാനിക്കുകയും ചെയ്തു.

1886 ജനുവരിയിൽ ഹോശിയാർപൂരിലേക്ക് പുറപ്പെടാൻ തയ്യാറെടുക്കുമ്പോൾ അദ്ദേഹം എന്നെ ഖാദിയാനിലേക്ക് വിളിച്ചുകൊണ്ട് കത്തെഴുതി. കൂടാതെ ഹോശിയാർപൂരിലെ പ്രമുഖനായ ശൈഖ് മെഹർ അലിക്ക് അദ്ദേഹം ഇപ്രകാരം എഴുതി: 'എനിക്ക് രണ്ടു മാസത്തേക്ക് ഹോശിയാർപൂരിലേക്ക് വരണമെന്നുണ്ട്. നഗരത്തിന്റെ പ്രാന്തപ്രദേശത്ത് എനിക്കായി ഒരു വീട് ഏർപ്പാട് ചെയ്യുക; അത് (മുകൾനിലയുള്ള) രണ്ട് നില വീടായാൽ കൂടുതൽ നല്ലത്.' ഈ ആവശ്യത്തിനായി ശൈഖ് മെഹർ അലി ഭതവീലഭ എന്നറിയപ്പെടുന്ന തന്റെ ഒരു വീട് ഒഴിയുകയും അത് വിട്ടുകൊടുക്കുകയും ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ) കാളവണ്ടിയിൽ ബിയാസ് നദിക്കരയിലൂടെ തന്റെ യാത്ര ആരംഭിച്ചു.

മിയാൻ അബ്ദുല്ലാഹ് സാഹിബ് പറയുന്നു: 'ശൈഖ് ഹമീദ് അലി, ഫത്തഹ് ഖാൻ സാഹിബ് എന്നിവരോടൊപ്പം ഞാനും അദ്ദേഹത്തെ അനുഗമിച്ചു. ഹോശിയാർപൂർ ജില്ലയിലെ ടാൻഡയ്ക്ക് അടുത്തുള്ള റസൂൽപൂർ സ്വദേശിയായിരുന്നു ഫത്തഹ് ഖാൻ. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ വലിയൊരു അനുഗാമിയായിരുന്നു; എന്നാൽ നിർഭാഗ്യവശാൽ പിന്നീട് മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിയുടെ സ്വാധീനത്തിൽപ്പെട്ട് അദ്ദേഹം മുർത്തദ്ദായി മാറി.'

ഹദ്റത്ത് മസീഹ് മൗഊദ്(അ) നദിക്കരയിൽ എത്തിയപ്പോൾ അദ്ദേഹം ഒരു ബോട്ട് മാർഗ്ഗം അക്കരയ്ക്ക് കടന്നു. ബോട്ട് നീങ്ങിക്കൊണ്ടിരുന്നപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്നെ അഭിസംബോധന ചെയ്തുകൊണ്ട് ഇപ്രകാരം പറഞ്ഞു: 'മിയാൻ അബ്ദുല്ലാഹ്! ഒരു പുണ്യപുരുഷന്റെ സഹവാസം ഈ നദീയാത്ര പോലെയാണ്; അത് മുറിച്ചു കടക്കാം എന്ന പ്രതീക്ഷയുണ്ട്, അതേസമയം തന്നെ മുങ്ങിപ്പോകുമെന്നുള്ള ആശങ്കയുമുണ്ട്.' അതായത്, അറിവുള്ള ഒരു മഹാത്മാവിന്റെ, ഒരു വലിയ മനുഷ്യൻ അല്ലെങ്കിൽ അല്ലാഹുവിന്റെ ഒരു സുഹൃത്തിന്റെ സഹവാസം സ്വീകരിക്കുന്ന ഒരാൾക്ക്, ഒന്നുകിൽ ആ ബോട്ട് അവരെ എത്തിക്കുന്നതുപോലെ സുരക്ഷിതമായി അക്കരെയെത്താം, അല്ലെങ്കിൽ അവർ മുങ്ങിപ്പോയെന്നും വരാം.'

അദ്ദേഹം (മിയാൻ അബ്ദുല്ലാഹ് സനൗരി സാഹിബ്) തുടർന്ന് പ്രസ്താവിക്കുന്നു: 'ആ സമയത്ത് ഞാൻ ഇത് കേവലം ഉപരിപ്ലവമായിട്ടാണ് കേട്ടത്, എന്നാൽ പിന്നീട് ഫത്തഹ് ഖാൻ മുർത്തദ്ദായപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ ഈ വാക്കുകൾ ഞാൻ ഓർത്തെടുത്തു.'

അദ്ദേഹം തുടരുന്നു: 'യാത്രമദ്ധ്യേ ഞങ്ങൾ ഫത്തഹ് ഖാന്റെ ഗ്രാമത്തിൽ തങ്ങുകയും അടുത്ത ദിവസം ഹോശിയാർപൂരിൽ എത്തുകയും ചെയ്തു. അവിടെ എത്തിയപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) 'തവീല' മന്ദിരത്തിന്റെ മുകൾനിലയിൽ താമസം ആരംഭിച്ചു. ഞങ്ങൾക്കിടയിൽ തർക്കങ്ങൾ ഒഴിവാക്കുന്നതിനായി അദ്ദേഹം ഞങ്ങൾ മൂന്നു പേർക്കും പ്രത്യേക ചുമതലകൾ നൽകി. എനിക്ക് പാചകത്തിനുള്ള ചുമതലയാണ് ലഭിച്ചത്. ചന്തയിൽ നിന്ന് സാധനങ്ങൾ വാങ്ങുന്ന ചുമതല ഫത്തഹ് ഖാന് നൽകി. വീടിന്റെ മുകൾനിലയുമായി ബന്ധപ്പെട്ട കാര്യങ്ങളും അതിഥികളെ സ്വീകരിക്കുന്ന ചുമതലയും ശൈഖ് ഹാമിദ് അലിക്കായിരുന്നു.

ഇതിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു രേഖാമൂലമുള്ള വിജ്ഞാപനം പുറപ്പെടുവിച്ചു; 40 ദിവസത്തേക്ക് ആരും തന്നെ അദ്ദേഹത്തെ കാണാൻ വരരുത് എന്നും ഒന്നിനും അദ്ദേഹത്തെ ക്ഷണിക്കരുത് എന്നും അതിൽ ഉണ്ടായിരുന്നു. ഈ 40 ദിവസങ്ങൾക്ക് ശേഷം അദ്ദേഹം 20 ദിവസം കൂടി അവിടെ തുടരും. ആ 20 ദിവസങ്ങളിൽ സന്ദർശകർക്ക് വരാമെന്നും ആതിഥ്യം സ്വീകരിക്കുമെന്നും ചോദ്യങ്ങൾ ചോദിക്കാൻ ആളുകൾക്ക് ഒത്തുകൂടാമെന്നും അദ്ദേഹം അറിയിച്ചു.

അകത്തെ വാതിലിന്റെ കൊളുത്ത് എപ്പോഴും ഇട്ടിരിക്കണമെന്നും (അതായത് വാതിൽ പൂട്ടിയിരിക്കണം) ഹദ്റത്ത് മസീഹ് മൗഊദ്(അ) ഞങ്ങൾക്ക് നിർദ്ദേശം നൽകി. വീട്ടിലുള്ള ആരും അദ്ദേഹത്തെ വിളിക്കാൻ പാടില്ല. അദ്ദേഹം ആരെയെങ്കിലും വിളിക്കുകയാണെങ്കിൽ അത്യാവശ്യത്തിന് മാത്രം മറുപടി നൽകുക. ആരും മുകൾനിലയിലേക്ക് വരാൻ പാടില്ല. (അദ്ദേഹം താമസിക്കുന്ന മുകളിലത്തെ നിലയിലേക്ക് ആരും പോകരുത്).' എന്നിരുന്നാലും അദ്ദേഹം പറയുന്നു: 'ഭക്ഷണം മുകളിലേക്ക് എത്തിച്ചു കൊടുക്കണമെന്നും എന്നാൽ അദ്ദേഹം കഴിച്ച് തീരുന്നത് വരെ ആരും അവിടെ കാത്തുനിൽക്കരുത് എന്നും അദ്ദേഹം നിർദ്ദേശിച്ചു. ഒഴിഞ്ഞ പാത്രങ്ങൾ പിന്നീട് ശേഖരിച്ചാൽ മതിയാകും. താൻ ഏകാന്തവാസം (Seclusion) അനുഷ്ഠിക്കുന്നതിനാൽ നിസ്കാരങ്ങൾ മുകൾനിലയിൽ വെച്ച് തന്നെ നിർവ്വഹിക്കുമെന്നും ഞങ്ങൾ താഴെ നിന്ന് നിസ്കരിക്കണമെന്നും അദ്ദേഹം പറഞ്ഞു. വെള്ളിയാഴ്ച ജുമുഅ സംബന്ധിച്ച്, അത് നിർബന്ധമായതിനാൽ നഗരത്തിന്റെ പ്രാന്തപ്രദേശത്തുള്ള വിജനമായ ഏതെങ്കിലും പള്ളി കണ്ടെത്തണമെന്നും അവിടെ വെച്ച് ഏകാന്തമായി നിസ്കരിക്കാമെന്നും അദ്ദേഹം പറഞ്ഞു. അതനുസരിച്ച് നഗരത്തിന് പുറത്തുള്ള ഒരു തോട്ടത്തിൽ ഉപേക്ഷിക്കപ്പെട്ട ഒരു ചെറിയ പള്ളിയുണ്ടായിരുന്നു. വെള്ളിയാഴ്ചകളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) അവിടെ പോവുകയും ഞങ്ങൾക്ക് ഇമാമായി നമസ്കരിക്കുകയും ഖുതുബ നിർവ്വഹിക്കുകയും ചെയ്യുമായിരുന്നു.'

മിയാൻ അബ്ദുല്ലാഹ് സാഹിബ് വിവരിക്കുന്നു:

ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ) ന് ഭക്ഷണം മുകളിൽ കൊണ്ടുപോയി കൊടുക്കാറുണ്ടായിരുന്നു. ഒരു വാക്കുപോലും ഞാൻ സംസാരിക്കാറില്ലായിരുന്നു. എന്നാൽ ചിലപ്പോൾ ഹുസൂർ(അ) എന്നോട് എന്തെങ്കിലും സംസാരിക്കുകയും ഞാൻ അതിന് മറുപടി നൽകുകയും ചെയ്യുമായിരുന്നു. ഒരിക്കൽ ഹുസൂർ(അ) എന്നോട് പറഞ്ഞു: മിയാൻ അബ്ദുല്ലാഹ്! ഈ ദിവസങ്ങളിൽ സർവ്വശക്തനായ അല്ലാഹുവിന്റെ അപാരമായ അനുഗ്രഹങ്ങളുടെയും വെളിപാടുകളുടെയും വാതിലുകൾ എനിക്ക് മുന്നിൽ തുറക്കപ്പെട്ടിരിക്കുകയാണ്. ചിലപ്പോൾ രാത്രി വൈകുവോളം അല്ലാഹു എന്നോട് സംസാരിച്ചുകൊണ്ടിരിക്കും. ആ വിവരണങ്ങളെല്ലാം ഞാൻ എഴുതുകയാണെങ്കിൽ ഒട്ടനവധി പേജുകൾ നിറയുമായിരുന്നു.

മിയാൻ അബ്ദുല്ലാഹ് സാഹിബ് തുടർന്ന് വിവരിക്കുന്നു:

ഈ 40 ദിവസത്തെ കാലയളവിലാണ് 'വാഗ്ദത്ത പുത്രനെ' (മുസ്‌ലിഹ് മൗഊദ്) സംബന്ധിച്ച വെളിപാട് ഹദ്റത്ത് മസീഹ് മൗഊദ്(അ) ന് ലഭിച്ചത്. ഈ 40 ദിവസങ്ങൾക്ക് ശേഷം ഹോശിയാർപൂരിൽ വെച്ചാണ് അദ്ദേഹം ഈ പ്രവചനം പരസ്യപ്പെടുത്തിയത്.

ഇത് 1886 ഫെബ്രുവരി 20ലെ വിജ്ഞാപനത്തിലൂടെയാണ് പ്രസിദ്ധീകരിക്കപ്പെട്ടത്. ജമാഅത്തിൽ ഇത് 'മുസ്‌ലിഹ് മൗഊദ് നെ സംബന്ധിച്ച പ്രവചനം' എന്നാണ് അറിയപ്പെടുന്നത്.

**യാദൃച്ഛികമെന്നു പറയട്ടെ, ഇന്ന് ഫെബ്രുവരി 20 ആണ്; വാഗ്ദത്ത പുത്രനെ സംബന്ധിച്ച ആ മഹത്തായ പ്രവചനത്തിന്റെ പൂർത്തീകരണ ദിനം.**

ആ പ്രവചനപ്രകാരം ജനിച്ച വാഗ്ദത്ത പുത്രന്റെ ഖിലാഫത്ത് 52 വർഷക്കാലം നിലനിൽക്കുകയും അല്ലാഹു അദ്ദേഹത്തിന് വലിയ വിജയങ്ങൾ നൽകുകയും ചെയ്തു. വാഗ്ദത്ത പുത്രനെ സംബന്ധിച്ച പ്രവചനത്തിൽ പരാമർശിച്ചിട്ടുള്ള എല്ലാ വെളിപാടുകളും അടയാളങ്ങളും ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ന്റെ വ്യക്തിത്വത്തിൽ പൂർത്തീകരിക്കപ്പെട്ടു.

**ഇതൊരു യാദൃച്ഛികതയാണെന്ന് ഞാൻ പറയാൻ കാരണം, ഈ വിവരണം ഇന്ന് തന്നെയാണ് എന്റെ മുന്നിൽ വന്നത് എന്നതാണ്; ഇത് ഇതിനു മുൻപോ ശേഷമോ എപ്പോൾ വേണമെങ്കിലും വരാമായിരുന്നു. എന്നാൽ ഇത് ഇന്ന് തന്നെ എന്റെ മുന്നിൽ വരികയും ഞാൻ അത് വിവരിക്കുകയും ചെയ്തത് അല്ലാഹുവിന്റെ യുക്തിയാണ്.**

ഫെബ്രുവരി 20 മുസ്‌ലിഹ് മൗഊദ് ദിനമായി ആചരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) എങ്ങനെ യാത്ര ചെയ്തുവെന്നും 40 ദിവസത്തെ ഏകാന്ത ആരാധന എങ്ങനെ നിർവ്വഹിച്ചുവെന്നും അതിന്റെ ഫലമായി ലഭിച്ച ശുഭവാർത്തകളെന്താണെന്നും ഈ സംഭവത്തിന്റെ പശ്ചാത്തലത്തിൽ പരാമർശിക്കപ്പെട്ടു.

**വിവിധ ജമാഅത്തുകളിൽ യോഗങ്ങൾ നടക്കുന്നുണ്ട്, അവയിലൂടെ ഇതിന്റെ ചരിത്രം മനസ്സിലാക്കാൻ സാധിക്കും. കൂടാതെ എം.ടി.എ (MTA) വഴി സംപ്രേക്ഷണം ചെയ്യുന്ന പരിപാടികളിലൂടെയും ഇത് അറിയാൻ കഴിയും. അഹ്മദികൾ അവ കാണേണ്ടതാണ്.**

എന്തായാലും, 40 ദിവസങ്ങൾ പിന്നിട്ടപ്പോൾ മുൻപ് അറിയിച്ചതുപ്രകാരം ഹദ്റത്ത് മസീഹ് മൗഊദ്(അ) 20 ദിവസം കൂടി അവിടെ തുടർന്നു. ആ ദിവസങ്ങളിൽ ധാരാളം ആളുകൾ അദ്ദേഹത്തെ ക്ഷണിക്കുകയും അനേകം പേർ മതപരമായ ചർച്ചകൾക്കായി വരികയും ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ പഴയ പരിചയക്കാരും അദ്ദേഹത്തെ സന്ദർശിക്കാൻ എത്തിയിരുന്നു. ആ ദിവസങ്ങളിലാണ് മുരളീധറുമായുള്ള സംവാദം നടന്നത്; ഇത് അദ്ദേഹത്തിന്റെ 'സുർമയെ ചശ്മെ ആര്യ' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

**• ഹദീഥുന്നബവ്വി ﷺ •**

**"തഅല്ലമുൽയഖീന."**

**ദൃഢജ്ഞാനം ആർജിക്കുവിൻ.**

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

രണ്ടു മാസത്തെ കാലയളവ് പൂർത്തിയായപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) വന്ന അതേ വഴിയിലൂടെ തന്നെ ഖാദിയാനിലേക്ക് മടങ്ങി.

ഹോശിയാർപൂരിൽ നിന്ന് ഏകദേശം അഞ്ച് മൈൽ അകലെ ഒരു പുണ്യപുരുഷന്റെ ഖബറിടമുണ്ട്. ഈ യാത്രയുമായി ബന്ധപ്പെട്ട് മറ്റൊരു സംഭവം കൂടി പരാമർശിക്കപ്പെടുന്നുണ്ട്. ഒരു ചെറിയ തോട്ടമുള്ള സ്ഥലത്ത് എത്തിയപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) വണ്ടിയിൽ നിന്നിറങ്ങുകയും ഇപ്രകാരം പറയുകയും ചെയ്തു: 'ഇത് നല്ല തണലുള്ള ഇടമാണ്. നമുക്ക് ഇവിടെ അല്പനേരം വിശ്രമിക്കാം.'

ഇതിനുശേഷം അദ്ദേഹം ആ പുണ്യപുരുഷന്റേതെന്ന് പറയപ്പെടുന്ന ഖബറിടത്തിലേക്ക് നീങ്ങി. മിയാൻ അബ്ദുല്ലാഹ് സാഹിബ് വിവരിക്കുന്നത് താൻ അദ്ദേഹത്തിന് പിന്നാലെ പോയെന്നും ശൈഖ് ഹാമിദ് അലിയും ഫത്തഹ് ഖാനും വണ്ടിക്ക് സമീപം തന്നെ നിന്നുവെന്നുമാണ്. ഖബറിടത്തിൽ എത്തിയപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) അതിന്റെ വാതിൽ തുറന്ന് അകത്തു പ്രവേശിക്കുകയും ഖബറിന്റെ തലയ്ക്കൽ നിന്നുകൊണ്ട് കൈകൾ ഉയർത്തി കുറച്ചുനേരം പ്രാർത്ഥിക്കുകയും ചെയ്തു.

മടങ്ങിവന്ന ശേഷം അദ്ദേഹം എന്നെ (മിയാൻ അബ്ദുല്ലഹ്) അഭിസംബോധന ചെയ്തുകൊണ്ട് ഇപ്രകാരം പറഞ്ഞു: 'ഞാൻ പ്രാർത്ഥിക്കാനായി കൈകൾ ഉയർത്തിയപ്പോൾ, ഈ ഖബറിലുള്ള ആ പുണ്യപുരുഷൻ പുറത്തുവരികയും എന്റെ മുന്നിൽ മുട്ടുകുത്തി ഇരിക്കുകയും ചെയ്തു. നീ എന്റെ കൂടെ ഇല്ലായിരുന്നുവെങ്കിൽ ഞാൻ അദ്ദേഹത്തോട് സംസാരിക്കുമായിരുന്നു. അദ്ദേഹത്തിന് വലിയ കണ്ണുകളും കറുത്ത നിറവുമാണ് ഉണ്ടായിരുന്നത്.

തുടർന്ന് അദ്ദേഹം പറഞ്ഞു: ഇവിടെ ആരെങ്കിലും പരിപാലകരുണ്ടോ എന്ന് നോക്കൂ, ഈ പുണ്യപുരുഷന്റെ രൂപത്തെക്കുറിച്ച് അവരോട് ചോദിക്കൂ. അവിടെയുണ്ടായിരുന്ന പരിപാലകനോട് ചോദിച്ചപ്പോൾ അദ്ദേഹം ഇപ്രകാരം മറുപടി നൽകി: 'അദ്ദേഹം മരിച്ചിട്ട് ഏകദേശം 100 വർഷത്തോളമായതിനാൽ ഞാൻ നേരിട്ട് കണ്ടിട്ടില്ല. എങ്കിലും എന്റെ പൂർവ്വികരിൽ നിന്ന് കേട്ടിട്ടുള്ളത് അദ്ദേഹം ഈ പ്രദേശത്തെ വലിയൊരു പുണ്യപുരുഷനായിരുന്നുവെന്നും ഇവിടെ വലിയ സ്വാധീനമുണ്ടായിരുന്നുവെന്നുമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ചോദിച്ചു: 'അദ്ദേഹം കാണാൻ എങ്ങനെയുള്ളവനായിരുന്നു? അയാൾ പറഞ്ഞു: അദ്ദേഹത്തിന് കറുത്ത നിറവും വലിയ കണ്ണുകളും ഉണ്ടായിരുന്നുവെന്നാണ് ഞാൻ കേട്ടിട്ടുള്ളത്.

അതിനുശേഷം അവർ അവിടെനിന്നും പുറപ്പെട്ട് ഖാദിയാനിലെത്തി. ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവരിച്ചതുപോലെ തന്നെയായിരുന്നു ആ പുണ്യപുരുഷന്റെ രൂപമെന്ന് സ്ഥിരീകരിക്കപ്പെട്ടു. നീതിനിഷ്ഠരായ ആളുകൾക്കും അല്ലാഹുവിന്റെ സുഹൃത്തുക്കൾക്കും പ്രവാചകന്മാർക്കും ചില സമയങ്ങളിൽ മരണപ്പെട്ടവരുമായി സംസാരിക്കാനോ അവരെ ദർശിക്കാനോ സാധിക്കുമെന്ന് ചിലർ പറയാറുണ്ട്. അല്ലാഹു തന്റെ തിരഞ്ഞെടുക്കപ്പെട്ട ദാസന്മാരോട് ഇടപെടുന്ന സവിശേഷമായ രീതികളാണിവ. എന്തായാലും ആ യാത്ര അവസാനിക്കുകയും അവർ ഖാദിയാനിലേക്ക് മടങ്ങുകയും ചെയ്തു.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് (റ) പ്രസ്താവിക്കുന്നത്, അദ്ദേഹം മിയാൻ അബ്ദുല്ലഹ് സാഹിബിനോട് ആ ഏകാന്തവാസ കാലയളവിനെക്കുറിച്ച് ചോദിച്ചുവെന്നാണ്; ഹദ്റത്ത് മസീഹ് മൗഊദ്(അ) അവിടെ എന്താണ് ചെയ്തിരുന്നതെന്നും എങ്ങനെയാണ് ആരാധനകൾ നിർവ്വഹിച്ചിരുന്നതെന്നും അദ്ദേഹം അന്വേഷിച്ചു. എന്നാൽ തനിക്കതിനെക്കുറിച്ച് അറിയില്ലെന്നായിരുന്നു ഹദ്റത്ത് മിയാൻ അബ്ദുല്ലാഹ് മറുപടി നൽകിയത്; കാരണം ഹദ്റത്ത് മസീഹ് മൗഊദ്(അ) മുകൾനിലയിലായിരുന്നു താമസിച്ചിരുന്നത്, അനുവാദമില്ലാതെ അങ്ങോട്ട് പോകാൻ അവർക്ക് അനുമതിയുണ്ടായിരുന്നില്ല. ഭക്ഷണം എത്തിക്കുമ്പോൾ പോലും അവർ ആദ്യം അനുവാദം ചോദിക്കുമായിരുന്നു.

ഹദ്റത്ത് മിയാൻ അബ്ദുല്ലാഹ് വിവരിക്കുന്നു: ഒരു ദിവസം താൻ ഭക്ഷണം നൽകാനായി മുകളിലേക്ക് പോയപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇപ്രകാരം പറഞ്ഞു, 'എനിക്ക് ഇപ്രകാരം ഒരു വെളിപാട് ലഭിച്ചിരിക്കുന്നു:

بُورِكَ مَنْ فِيهَا وَمَنْ حَوْلَهَا

അതായത്, നിന്നോടൊപ്പമുള്ളവരും നിനക്ക് ചുറ്റുമുള്ളവരും അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു.

مَنْ فِيهَا എന്നത് അദ്ദേഹത്തെ (ഹദ്റത്ത് മസീഹ് മൗഊദ്(അ) നെ) തന്നെയാണ് സൂചിപ്പിക്കുന്നതെന്നും مَنْ حَوْلَهَا എന്നത് അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നവരെയാണ് സൂചിപ്പിക്കുന്നതെന്നും അദ്ദേഹം വിശദീകരിച്ചു.

ഹദ്റത്ത് മിയാൻ അബ്ദുല്ലാഹ് സാഹിബ് തുടർന്ന് വിവരിക്കുന്നു: താൻ മിക്കവാറും സമയങ്ങളിൽ വീടിനുള്ളിൽ തന്നെയായിരുന്നു ഉണ്ടായിരുന്നത്, വെള്ളിയാഴ്ച നിസ്കാരത്തിന് മാത്രമാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) അവർക്കൊപ്പം പുറത്തുപോയിരുന്നത്. ശൈഖ് ഹാമിദ് അലിയും സാധാരണയായി ഉള്ളിൽ തന്നെയായിരുന്നു. എന്നാൽ ഫത്തഹ് ഖാൻ പലപ്പോഴും പകൽസമയം പുറത്തായിരുന്നു ചിലവഴിച്ചിരുന്നത്; ഈ വെളിപാട് ഉണ്ടായ സമയത്തും അദ്ദേഹം ഒരുപക്ഷേ പുറത്തായിരുന്നിരിക്കാം. ഇതായിരുന്നു ഹദ്റത്ത് മിർസാ ബശീർ അഹ്മദ് (റ) ന്റെ അഭിപ്രായം.

ഹദ്റത്ത് മിയാൻ അബ്ദുല്ലാഹ് സാഹിബ് ഇപ്രകാരം കൂടി പരാമർശിച്ചു: 'ആ ദിവസങ്ങളിൽ ഫത്തഹ് ഖാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ) നോട് എത്രമാത്രം വിശ്വാസമുണ്ടായിരുന്നുവെന്നാൽ, സംസാരമധ്യേ അദ്ദേഹം ഞങ്ങളോട് പറയുമായിരുന്നു, 'ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ) നെ ഒരു പ്രവാചകനായിട്ടാണ് കാണുന്നത്.' പഴയകാലത്തെ പൊതുവായ വിശ്വാസമനുസരിച്ച് ഇനി ഒരു പ്രവാചകൻ വരാൻ പാടില്ലാത്തതിനാൽ അദ്ദേഹത്തിന്റെ ഈ പ്രസ്താവന എന്നെ ആശങ്കയിലാഴ്ത്തുമായിരുന്നു. എന്നാൽ ഫത്തഹ് ഖാൻ അത്രത്തോളം ഭക്തനായിരുന്നു; ബൈഅത്ത് ചെയ്യുന്നതിനോ ഔദ്യോഗികമായി വാദങ്ങൾ ഉന്നയിക്കുന്നതിനോ മൂന്നോ നാലോ വർഷങ്ങൾക്ക് മുമ്പ് തന്നെ അദ്ദേഹം അദ്ദേഹത്തെ ഒരു പ്രവാചകൻ എന്ന് വിളിക്കുമായിരുന്നു. എങ്കിലും പിന്നീട് അദ്ദേഹത്തിന്റെ വിശ്വാസത്തിൽ ഇളക്കം സംഭവിക്കുകയും അദ്ദേഹം മുർത്തദ്ദായി മാറുകയും ചെയ്തു.'

അതുകൊണ്ട്, **ഒരു മനുഷ്യൻ എപ്പോഴും തന്റെ പര്യവസാനം നന്നാകുന്നതിനായി പ്രാർത്ഥിക്കുകയും വിശ്വാസത്തിൽ ഉറച്ചുനിൽക്കാൻ പരിശ്രമിക്കുകയും വേണം. അതിനായി നാം അല്ലാഹുവിനോട് അപേക്ഷിക്കണം; പ്രത്യേകിച്ച് റമദാനിലെ പ്രാർത്ഥനകളിൽ, അല്ലാഹു നമുക്ക് അനുഗൃഹീതമായ ഒരു പര്യവസാനം നൽകുന്നതിനും വിശ്വാസത്തിൽ നമ്മെ സ്ഥിരപ്പെടുത്തുന്നതിനുമായി എല്ലാവരും പ്രാർത്ഥിക്കേണ്ടതുണ്ട്.**

മിയാൻ അബ്ദുല്ലാഹ് സാഹിബ് മറ്റൊരു സംഭവം കൂടി വിവരിക്കുന്നു: ഒരിക്കൽ താൻ ഭക്ഷണം നൽകാൻ പോയപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇപ്രകാരം പറഞ്ഞു: 'അല്ലാഹു എന്നെ അഭിസംബോധന ചെയ്യുന്നതും എന്നോട് സംസാരിക്കുന്നതുമായ രീതികളിൽ ഒരു ചെറിയ ഭാഗം പോലും ഞാൻ വെളിപ്പെടുത്തുകയാണെങ്കിൽ, ഇപ്പോൾ കൂടെയുള്ള ഈ അനുയായികളെല്ലാം എന്നിൽ നിന്നും അകന്നുപോകുമായിരുന്നു.' പ്രായോഗികമായി ഇത് തന്നെയാണ് പിന്നീട് സംഭവിച്ചതും; കാരണം പിന്നീട് അദ്ദേഹം തന്റെ വാദങ്ങൾ ഉന്നയിച്ചപ്പോൾ ചിലർ അദ്ദേഹത്തിനെതിരാവുകയും എതിർപ്പ് ശക്തമാക്കുകയും ചെയ്തു. അല്ലാഹു ഇത്തരത്തിൽ സംസാരിക്കുമെന്ന് സങ്കൽപ്പിക്കാൻ പോലും അവർക്ക് കഴിയുമായിരുന്നില്ല. *(സീറത്തുൽ മഹ്ദി, വാല്യം 1, ഭാഗം 1, നിവേദനം 88, പേജ്: 6265)*

**ഇനി മറ്റൊരു സംഭവം ഹദ്റത്ത് മസീഹ് മൗഊദ്(അ) നമസ്കരിച്ചിരുന്ന രീതിയെ സംബന്ധിച്ചുള്ളതാണ്.**

നമസ്കാരത്തിൽ കൈകൾ എങ്ങനെ കെട്ടണമെന്നും വിവിധ ചലനങ്ങൾ എങ്ങനെ നിർവ്വഹിക്കണമെന്നും തുടങ്ങിയ കർമ്മശാസ്ത്രപരമായ (Jurisprudential) കാര്യങ്ങൾ ചിലർ ചർച്ച ചെയ്യാറുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ ആരാധനാക്രമത്തെക്കുറിച്ച് മിയാൻ അലി മുഹമ്മദ് സാഹിബ് വിവരിക്കുന്നത് ഇപ്രകാരമാണ്: ഒരിക്കൽ അദ്ദേഹം ഫർള് നമസ്കാരത്തിന് മുമ്പുള്ള സുന്നത്ത് നമസ്കാരിക്കുന്നത് ഞാൻ കണ്ടിരുന്നു. അദ്ദേഹം തന്റെ കൈകൾ നാഭിക്കുമുകളിലാണ് കെട്ടിയിരുന്നത്, വലതുകൈയിലെ നടുവിരൽ ഇടതുകൈമുട്ടുവരെയോ അല്ലെങ്കിൽ അതിന് തൊട്ടടുത്തോ എത്തുന്ന വിധത്തിലായിരുന്നു അത്. അദ്ദേഹം സുജൂദ് ചെയ്തപ്പോൾ, തന്റെ നെറ്റിയും മൂക്കും രണ്ട് കൈകൾക്കുമിടയിലായി തറയിൽ വെച്ചു; അദ്ദേഹത്തിന്റെ വിരലുകൾ നേരെ കഅ്ബയുടെ ദിശയിലേക്കായിരുന്നു.

സുജൂദിൽ നിന്നും എഴുന്നേൽക്കുമ്പോൾ, അയച്ചു കെട്ടിയിരുന്ന അദ്ദേഹത്തിന്റെ തലപ്പാവ് അല്പം പിന്നിലേക്ക് നീങ്ങുമായിരുന്നു; അദ്ദേഹം വിരലുകൾ കൊണ്ട് അത് ശരിയാക്കി വെക്കുമായിരുന്നു. മസ്ജിദ് അഖ്സയിൽ തന്റെ വന്ദ്യ പിതാവിന്റെ ഖബറിന് തെക്കുഭാഗത്തായി നിന്നാണ് അദ്ദേഹം ഈ സുന്നത്ത് നിസ്കാരങ്ങൾ നിർവ്വഹിച്ചിരുന്നതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അതിനുശേഷം ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് (റ) ന്റെ നേതൃത്വത്തിൽ ഫർള് നിസ്കാരം ആരംഭിച്ചു. *(അസ്ഹാബെ അഹ്മദ്, വാല്യം 2, പേജ്: 13)*

ഹദ്റത്ത് മുഹമ്മദ് ജമീൽ സാഹിബും ഒരു സംഭവം വിവരിക്കുന്നു: പ്ലേഗ് രോഗം പടർന്നുപിടിച്ച ആദ്യകാലങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ കുടുംബത്തോടൊപ്പം തുറസ്സായ ഒരു തോട്ടത്തിലേക്ക് താമസം മാറ്റിയിരുന്നു. രാത്രികാലങ്ങളിൽ അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ) ന് കാവൽ നിൽക്കുമായിരുന്നു. പ്ലേഗ് പടരുന്ന സമയത്ത് താമസിക്കാൻ കൂടുതൽ അനുയോജ്യം തുറസ്സായ സ്ഥലങ്ങളായതിനാലാണ് അദ്ദേഹം താൽക്കാലികമായി അങ്ങോട്ട് മാറിയത്. രാത്രി കാവൽ സമയത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ ടെന്റിന് സമീപത്തുകൂടി കടന്നുപോകുമ്പോഴെല്ലാം അദ്ദേഹം നമസ്കാരിച്ചുകൊണ്ടിരുന്നത് അവർ കാണുമായിരുന്നു. അദ്ദേഹം എപ്പോഴാണ് യഥാർത്ഥത്തിൽ ഉറങ്ങിയിരുന്നത് എന്നത് ഒരു അത്ഭുതമായിരുന്നു. *(അസ്ഹാബെ അഹ്മദ്, വാല്യം 2, പേജ്: 358)*

ഹദ്റത്ത് ചൗധരി ഭായ് അബ്ദുർറഹ്മാൻ സാഹിബ് വിവരിക്കുന്നു: **ഹദ്റത്ത് മസീഹ് മൗഊദ്(അ) അതീവ വിനയത്തോടും എളിമയോടും കൂടിയാണ് തഹജ്ജുദ് നിസ്കാരം നിർവ്വഹിച്ചിരുന്നത് . ചെറിയ പള്ളിക്ക് എതിർവശത്തുള്ള ചെറിയ മുറിയിൽ നിന്നും അദ്ദേഹത്തിന്റെ ശബ്ദം കേൾക്കാമായിരുന്നു.**

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ (ഞങ്ങളെ നീ നേർവഴിയിൽ നയിക്കേണമേ) എന്ന വചനം ആവർത്തിച്ചു ചൊല്ലുക എന്നത് അദ്ദേഹത്തിന്റെ പതിവായിരുന്നു. *(അസ്ഹാബെ അഹ്മദ്, വാല്യം 2, പേജ്: 336)*

**അല്ലാഹു നമ്മെ എപ്പോഴും സന്മാർഗ്ഗത്തിൽ ഉറപ്പിച്ചു നിർത്തുന്നതിനായി നമ്മളും ഈ ദു:ആ ആവർത്തിച്ചു ചൊല്ലേണ്ടതുണ്ട്.**

ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ തഹജ്ജുദ് നിസ്കാരത്തിന്റെ അവസ്ഥ വിവരിച്ചുകൊണ്ട് ഹദ്റത്ത് മാസ്റ്റർ നസീർ ഹുസൈൻ സാഹിബ് ഇപ്രകാരം എഴുതുന്നു: 'ഒരിക്കൽ ത്സലം (Jhelum) യാത്രക്കിടെ ഞങ്ങൾ ലാഹോറിൽ എന്റെ വല്യുപ്പയായ മർഹൂം ഹദ്റത്ത് മിയാൻ ചിരാഗ് ദീൻ സാഹിബിന്റെ വീട്ടിൽ (മുബാറക് മൻസിൽ) തങ്ങി. ഹദ്റത്ത് മസീഹ് മൗഊദ്(അ) അന്ന് രാത്രി അവിടെയാണ് ചിലവഴിച്ചത്, അദ്ദേഹം ഉറങ്ങുന്നതിനായി ഒരു മുറി തയ്യാറാക്കിയിരുന്നു.'

നിവേദകൻ തുടർന്ന് വിവരിക്കുന്നു: 'ഞാനും ആ മുറിക്ക് പുറത്ത് വരാന്തയിൽ വാതിലിന് സമീപമായി കിടന്നു. രാത്രി ഏകദേശം മൂന്ന് മണിയായപ്പോൾ ഞാൻ ഉണരുകയും മുറിക്കുള്ളിലേക്ക് നോക്കുകയും ചെയ്തപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമസ്കരിക്കുന്നതാണ് കണ്ടത്. ഞാൻ വുളൂഅ് ചെയ്ത് അദ്ദേഹത്തിന് പിന്നിലായി അല്പം ദൂരത്തായി നിന്ന് നിസ്കരിക്കാൻ തുടങ്ങി. ഹദ്റത്ത് മസീഹ് മൗഊദ്(അ) എത്ര സമയമാണോ നിൽക്കുകയും (ഖിയാം), കുനിയുകയും (റുകൂഅ്), സാഷ്ടാംഗം (സുജൂദ്) ചെയ്യുകയുമുണ്ടായത് അത്രയും സമയം ഞാനും അത് ചെയ്യാൻ പരമാവധി ശ്രമിച്ചു, പക്ഷേ എനിക്ക് അതിന് സാധിച്ചില്ല. വെറും രണ്ട് റക്അത്ത് കഴിഞ്ഞപ്പോഴേക്കും ഞാൻ വല്ലാതെ തളർന്നുപോയി. എന്നാൽ അപ്പോഴും ഹദ്റത്ത് മസീഹ് മൗഊദ്(അ) ഞാൻ അദ്ദേഹത്തോടൊപ്പം ചേർന്ന അതേ രണ്ട് റക്അത്തുകളിൽ തന്നെയായിരുന്നു.'

ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹം തുടങ്ങിയ അതേ രണ്ട് റക്അത്തുകളുടെ ഖിയാമിൽ (നിൽപ്പിൽ) തന്നെയായിരുന്നുവെന്നും, താൻ തളർന്നതിനാൽ അദ്ദേഹത്തോടൊപ്പമുള്ള നിസ്കാരം അവസാനിപ്പിച്ച് സ്വന്തമായി നിസ്കരിക്കാൻ തുടങ്ങിയെന്നും ഹദ്റത്ത് മാസ്റ്റർ നസീർ ഹുസൈൻ പറയുന്നു. ആരാധനയിൽ തന്റെ യജമാനനെ (തിരുനബി(സ)യെ) പിന്തുടരുന്നതിനും അല്ലാഹുവിനോടുള്ള ആരാധനയുടെ കടമകൾ പൂർണ്ണമായി നിറവേറ്റുന്നതിനും ഹദ്റത്ത് മസീഹ് മൗഊദ്(അ) കാണിച്ച മാതൃകയായിരുന്നു ഇത്.

ഹദ്റത്ത് മാസ്റ്റർ നസീർ ഹുസൈൻ വീണ്ടും വിവരിക്കുന്നു: 'പകൽസമയത്ത് ഞങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ സദസ്സിൽ ഇരിക്കുമ്പോൾ അദ്ദേഹം ജമാഅത്തിനോട് തഹജ്ജുദ് നിസ്കരിക്കാൻ ഉപദേശിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുകയായിരുന്നു. അപ്പോൾ ഞാൻ ഇപ്രകാരം ചോദിച്ചു; ഒരാൾക്ക് തഹജ്ജുദ് നിസ്കരിക്കാൻ സാധിക്കുന്നില്ലെങ്കിൽ ഏറ്റവും ചുരുങ്ങിയത് എന്താണ് ചെയ്യാൻ ശ്രമിക്കേണ്ടത്? (തഹജ്ജുദ് നിസ്കരിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ എന്ത് ചെയ്യണമെന്ന് പലരും ചോദിക്കാറുണ്ട്).

ഇതിന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇപ്രകാരം മറുപടി നൽകി: **അത്തരം സാഹചര്യത്തിൽ ഒരാൾ ധാരാളമായി ഇസ്തിഗ്ഫാർ (പാപമോചന പ്രാർത്ഥന) ചൊല്ലുകയും അല്ലാഹുവിനെ സ്തുതിക്കുന്നതിലും മഹത്വപ്പെടുത്തുന്നതിലും മുഴുകുകയും വേണം. ഇതിലൂടെ ഒരാൾക്ക് അന്തിമമായി തഹജ്ജുദ് നിസ്കരിക്കാനുള്ള പ്രാപ്തി ലഭിക്കുന്നതാണ്.**

ഹദ്റത്ത് മസീഹ് മൗഊദ്(അ) നിർദ്ദേശിച്ച ഈ പ്രാർത്ഥനകൾ തഹജ്ജുദ് നിസ്കാരത്തിന് പകരമായിട്ടല്ല, മറിച്ച് തഹജ്ജുദ് നിസ്കരിക്കാൻ ഒരാളെ പ്രാപ്തനാക്കുന്നതിന് വേണ്ടിയുള്ളതായിരുന്നു.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ) ഇപ്രകാരം കൂടി എഴുതിയിട്ടുണ്ട്: 'എനിക്ക് തഹജ്ജുദ് നിർവ്വഹിക്കുന്നതിൽ എപ്പോഴെങ്കിലും അശ്രദ്ധ സംഭവിക്കുമ്പോൾ (ഇത് അദ്ദേഹത്തിന്റെയോ അല്ലെങ്കിൽ നിവേദകന്റെയോ പ്രസ്താവനയാകാം), ഞാൻ ഈ നിർദ്ദേശമനുസരിച്ച് പ്രവർത്തിക്കാറുണ്ട്; അപ്പോൾ എനിക്ക് തഹജ്ജുദ് നിസ്കരിക്കാനുള്ള പ്രാപ്തി ലഭിക്കാറുമുണ്ട്.' *(അസ്ഹാബെ അഹ്മദ്, വാല്യം 3, പേജ്: 178)*

അതിനാൽ, നമുക്ക് ആലസ്യം അനുഭവപ്പെടുന്ന സമയങ്ങളിൽ നാമും സ്വീകരിക്കേണ്ട ഒരു ഔഷധമാണിത്.

**നാം ഇപ്പോൾ റമദാനിലൂടെ കടന്നുപോയിക്കൊണ്ടിരിക്കുകയാണ്, അതിനാൽ പൊതുവെ ആളുകൾക്ക് തഹജ്ജുദ് നിസ്കരിക്കാൻ സാധിക്കുന്നുണ്ടാകും. ഇല്ലെങ്കിൽ, അതിനായി പരിശ്രമിക്കേണ്ടതുണ്ട്. തീർച്ചയായും പള്ളികളിൽ തറാവീഹ് നിസ്കാരം നടക്കുന്നുണ്ട്; ശാരീരികമായി ദുർബലരായവർക്കും രോഗികൾക്കും കൃത്യസമയത്ത് എഴുന്നേൽക്കാൻ കഴിയാത്തവർക്കും ദീർഘനേരം സമയം ചിലവഴിക്കാൻ സാധിക്കാത്തവർക്കും ഇതൊരു പകരമാണ്. എങ്കിലും അതേസമയം തന്നെ ഇതൊരു പൂർണ്ണമായ പകരമല്ല, കാരണം തഹജ്ജുദിന്റെ കുറവ് പൂർണ്ണമായി നികത്താൻ ഇതിന് കഴിയില്ല. രാത്രിയിൽ എഴുന്നേറ്റ് തഹജ്ജുദ് നിസ്കരിക്കുക എന്നത് തിരുനബി(സ)യുടെ ചര്യയും അദ്ദേഹത്തിന്റെ യഥാർത്ഥ ദാസനായ ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ രീതിയുമാണ്. അതിനാൽ തറാവീഹ് നിസ്കരിച്ചുവെങ്കിലും രാത്രിയിൽ രണ്ടോ നാലോ റക്അത്ത് തഹജ്ജുദ് നിസ്കരിക്കാൻ ശ്രമിക്കണം, എന്തായാലും തഹജ്ജുദ് ശീലമാക്കേണ്ടതാണ്.**

ഹദ്റത്ത് ഖൈറുദ്ദീൻ സാഹിബ് (റ) വിവരിക്കുന്നു: ഒരിക്കൽ വസന്തകാലത്ത്, രാവിലെ എട്ടു മണിയോടെ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഖാദിയാനിൽ നിന്നും ജുഹൈനിക്കും ഖാദിറാബാദിനും ഇടയിലുള്ള റോഡിലൂടെ (ഇടനാഴി എന്നും ഇത് അറിയപ്പെടുന്നു) നടത്തത്തിനായി പുറപ്പെട്ടു. ഖാദിയാന്റെ അതിർത്തിയിൽ എത്തിയപ്പോൾ അദ്ദേഹം രണ്ട് റക്അത്ത് നഫൽ നമസ്കരിക്കുകയും പിന്നീട് ഞങ്ങളുടെ ഗ്രാമത്തിന് സമീപത്തുകൂടി ഖാദിയാനിലേക്ക് മടങ്ങുകയും ചെയ്തു. *(അസ്ഹാബെ അഹ്മദ്, വാല്യം 3, പേജ്: 90)*

**ഇപ്രകാരം, നടത്തത്തിനിടയിൽ പോലും അദ്ദേഹം ആരാധനയെക്കുറിച്ച് ബോധവാനായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഖാദിയാന്റെ ഉള്ളിലും അതിന്റെ അതിർത്തികളിലും നഫൽ നമസ്കാരങ്ങൾ നിർവ്വഹിച്ചിട്ടുള്ളതിനാൽ, അതിന്റെ പരിശുദ്ധി കാത്തുസൂക്ഷിക്കേണ്ടതും ആ പ്രദേശത്തിന്റെ കടമകൾ നിറവേറ്റിക്കൊണ്ട് തങ്ങളുടെ ആരാധനകളുടെ നിലവാരം ഉയർത്തേണ്ടതും ഇപ്പോൾ ഖാദിയാനിൽ താമസിക്കുന്നവരുടെ കൂടി ഉത്തരവാദിത്തമാണ്.**

ഹദ്റത്ത് മാലിക് നിയാസ് മുഹമ്മദ് സാഹിബ് പ്രസ്താവിക്കുന്നു: '1904ൽ ഞാൻ ഖാദിയാനിൽ പോയപ്പോൾ, കരം ദീൻ കേസുമായി ബന്ധപ്പെട്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) ഗുർദാസ്പൂരിലേക്ക് യാത്ര ചെയ്യാറുണ്ടായിരുന്നു. ഞാൻ അവിടെ ചെന്നപ്പോൾ അദ്ദേഹം ഒരു കുളത്തിന് സമീപമുള്ള വീട്ടിലായിരുന്നു താമസിച്ചിരുന്നത്; ജമാഅത്ത് അംഗങ്ങളും അവിടെയുണ്ടായിരുന്നു. അതേ വളപ്പിൽ തന്നെയായിരുന്നു പാചകപ്പുരയും പ്രവർത്തിച്ചിരുന്നത്.

കോടതിയിൽ വെച്ച് ഞാൻ നിരീക്ഷിച്ചത്, ഹദ്റത്ത് മസീഹ് മൗഊദ്(അ) ന് ഇരിക്കാനായി ഒരു പായ വിരിക്കുമായിരുന്നു; അദ്ദേഹം അതിൽ ഇരിക്കുകയും കൂടെയുള്ള മറ്റ് അംഗങ്ങളും അതിൽ തന്നെ ഇരിക്കുകയും ചെയ്യുമായിരുന്നു. (എല്ലാവർക്കും ഇരിക്കാൻ കഴിയുന്ന വലിയൊരു പായയായിരുന്നു അത്). ഞാൻ പ്രത്യേകം ശ്രദ്ധിച്ചതും ഇപ്പോഴും ഓർക്കുന്നതുമായ ഒരു കാര്യം ഹദ്റത്ത് മസീഹ് മൗഊദ്(അ) എപ്പോഴും വുളൂവോടു കൂടിയിരിക്കുമായിരുന്നു എന്നതാണ്. അദ്ദേഹം മൂത്രവിസർജ്ജനത്തിന് പോകുമ്പോഴെല്ലാം അതിനുശേഷം നിർബന്ധമായും വുളൂഅ് ചെയ്യുമായിരുന്നു. ഇതിൽ നിന്നും **ഹദ്റത്ത് മസീഹ് മൗഊദ്(അ) എപ്പോഴും വുളൂവോടു കൂടിയാണ് ഇരുന്നിരുന്നതെന്ന് എനിക്ക് ബോധ്യമായി.അദ്ദേഹം താഴ്ന്ന സ്വരത്തിൽ നിരന്തരമായി**

سُبْحَانَ اللّٰهِ وَبِحَمْدِهٖ سُبْحَانَ اللّٰهِ الْعَظِيْمِ

**(അല്ലാഹു പരിശുദ്ധനാകുന്നു, അവനാണ് സർവ്വ സ്തുതിയും; മഹാനായ അല്ലാഹു പരിശുദ്ധനാകുന്നു).** എന്ന് ഉരുവിടുകയും ചെയ്യുമായിരുന്നു. *(അസ്ഹാബെ അഹ്മദ്, വാല്യം 2, പേജ്: 27)*

ഹദ്റത്ത് ചൗധരി ഭായ് അബ്ദുർ റഹീം സാഹിബ് (റ) വിവരിക്കുന്നു: ആദ്യകാലങ്ങളിൽ, നമസ്കാരത്തിനായി എല്ലാവർക്കും മുമ്പേ പള്ളിയിലെത്തുക എന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ) അവരുടെ പൊതുവായ പതിവായിരുന്നു. അങ്ങനെ ഒരിക്കൽ ഞാൻ എല്ലാവർക്കും മുമ്പേ അവിടെയെത്താൻ ശ്രമിച്ചു, എന്നാൽ ഞാൻ എത്തുമ്പോഴേക്കും അദ്ദേഹം പള്ളിയിൽ എത്തിക്കഴിഞ്ഞിരുന്നു. *(അസ്ഹാബെ അഹ്മദ്, വാല്യം 2, പേജ്: 336)*

**ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ യൗവനത്തിന്റെ ഒരു ഭാഗം, ഏകദേശം ഏഴ് വർഷത്തോളം സിയാൽക്കോട്ടിലാണ് ചിലവഴിച്ചത്. അവിടെയും അദ്ദേഹത്തിന്റെ രാപ്പകലുകൾ അല്ലാഹുവിനോടുള്ള സ്നേഹത്താൽ അടയാളപ്പെടുത്തപ്പെട്ടവയായിരുന്നു.**

ആ കാലഘട്ടത്തെക്കുറിച്ച് സംസാരിച്ചവരെല്ലാം അദ്ദേഹത്തിന്റെ ഏകാന്തതയെയും, ഭൗതികമായ കൂട്ടുകെട്ടുകളിൽ നിന്നുള്ള പിൻവാങ്ങലിനെയും, പ്രാർത്ഥനയിലും ഖുർആൻ പാരായണത്തിലുമുള്ള അഗാധമായ മുഴുകലിനെയും പ്രത്യേകം പരാമർശിച്ചിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് സിയാൽക്കോട്ടിലെ പ്രശസ്തരും ആദരണീയരുമായ ഏതാനും മുതിർന്ന വ്യക്തികളുടെ സാക്ഷ്യപത്രങ്ങൾ ഞാൻ അവതരിപ്പിക്കാം. ഹക്കീം ബദർ ഹുസൈൻ സാഹിബ് എഴുതുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ദൈവനിയുക്ത വാദങ്ങൾ ഉന്നയിച്ചതിനു ശേഷം ഇദ്ദേഹം അഹ്മദിയ്യത്തിന്റെ ശത്രുക്കളുടെ മുൻനിരയിൽ ചേരുകയും അദ്ദേഹത്തിന്റെ ജീവിതത്തിലെ ചില സംഭവങ്ങളെ ഒരു നോവൽ രൂപത്തിൽ പരിഹസിച്ചുകൊണ്ട് എതിർപ്പുകൾ ഉന്നയിക്കുകയും ചെയ്തിരുന്നു എന്ന വസ്തുത നിലനിൽക്കെത്തന്നെയാണ് ഈ സാക്ഷ്യം നൽകിയിട്ടുള്ളത്. ഇത്രയധികം എതിർപ്പ് നിലനിൽക്കുമ്പോഴും ഹദ്റത്ത് മസീഹ് മൗഊദ്(അ) സിയാൽക്കോട്ടിൽ താമസിച്ചിരുന്ന കാലത്തെ പരിശുദ്ധമായ ഓർമ്മകൾ മറക്കാൻ അദ്ദേഹത്തിന് സാധിച്ചില്ല.

അദ്ദേഹം ഇപ്രകാരം എഴുതുന്നു: അദ്ദേഹത്തിന് ഗാംഭീര്യമുള്ള രൂപവും വിശ്വസിക്കാവുന്ന മുഖഭാവവും കുലീനമായ വ്യക്തിത്വവും അപാരമായ ക്ഷമയും ഉന്നതമായ ചിന്താഗതിയും ഉണ്ടായിരുന്നു; ഉയർന്ന നിശ്ചയദാർഢ്യത്തിൽ അദ്ദേഹത്തിന് തുല്യനായി മറ്റാരെയും ഞാൻ കണക്കാക്കുന്നില്ല. അദ്ദേഹം (ഈ വിവരണത്തിൽ പറയുന്ന മുറിയിലേക്ക്) പ്രവേശിച്ച ഉടനെ വുളൂഅ് ചെയ്യുന്നതിനായി വെള്ളം ചോദിച്ചു; അത്

പൂർത്തിയാക്കിയ ശേഷം മഗ്‌രിബ് നിസ്കാരം നിർവ്വഹിച്ചു. നിശ്ചിത ദിക്റുകൾക്കും പ്രാർത്ഥനകൾക്കും ശേഷം അദ്ദേഹം അല്ലാഹുവിനെ സ്മരിക്കുന്നതിൽ മുഴുകി. *(ഹയാത്തെ അഹ്‌മദ്, വാല്യം 1, പേജ്: 158)*

പ്രശസ്ത മുസ്‌ലിം നേതാവ് മൗലവി സഫർ അലി ഖാൻ സാഹിബിന്റെ പിതാവ് അതായത് 'സമീന്ദാർ' പത്രത്തിന്റെ എഡിറ്ററായിരുന്ന പരേതനായ മുൻശി സിറാജുദ്ദീൻ സാഹിബ് പറയുന്നു: ഏകദേശം 1860ലോ 1861ലോ മിർസാ ഗുലാം അഹ്മദ് സാഹിബ് സിയാൽക്കോട്ട് ജില്ലയിൽ ക്ലർക്കായി സേവനമനുഷ്ഠിച്ചിരുന്നു. ആ സമയത്ത് അദ്ദേഹത്തിന് 22/23 വയസ്സുണ്ടായിരിക്കും.

**തന്റെ യൗവനകാലത്തുപോലും അദ്ദേഹം അത്യന്തം നീതിമാനും ഭക്തനുമായ ഒരു വ്യക്തിയായിരുന്നുവെന്ന് വ്യക്തിപരമായ നിരീക്ഷണത്തിലൂടെ ഞങ്ങൾക്ക് സാക്ഷ്യപ്പെടുത്താൻ കഴിയും. ഔദ്യോഗിക ചുമതലകൾ പൂർത്തിയാക്കിയ ശേഷം തന്റെ മുഴുവൻ സമയവും മതപരമായ കാര്യങ്ങൾ പഠിക്കുന്നതിനായി അദ്ദേഹം നീക്കിവെച്ചിരുന്നു, പൊതുജനങ്ങളുമായി അദ്ദേഹം വളരെ കുറച്ച് മാത്രമേ ഇടപഴകിയിരുന്നുള്ളൂ.** *(ഹയാത്തെ അഹ്‌മദ്, വാല്യം 1, പേജ്: 74)*

ഒരിക്കൽ ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി ഇർഫാനി സാഹിബ് (റ) സിയാൽക്കോട്ടിൽ വെച്ച് സയ്യിദ് മീർ ഹസൻ സാഹിബിനെ കണ്ടുമുട്ടി. അദ്ദേഹത്തെക്കുറിച്ച് മുൻപത്തെ പ്രസംഗത്തിലും ഞാൻ പരാമർശിച്ചിരുന്നു. കണ്ണുനീരോടെയും അതീവ വികാരവായ്പ്പോടെയും അദ്ദേഹം ഇപ്രകാരം പറഞ്ഞു:

**കഷ്ടം! ഞങ്ങൾ അദ്ദേഹത്തെ വിലമതിച്ചില്ല. അദ്ദേഹത്തിന്റെ ആത്മീയ ഔന്നത്യങ്ങളെ വിവരിക്കാൻ എനിക്ക് സാധിക്കില്ല. അദ്ദേഹത്തിന്റെ ജീവിതം ഒരു സാധാരണ മനുഷ്യന്റേതായിരുന്നില്ല; മറിച്ച് ഈ ലോകത്ത് വല്ലപ്പോഴും മാത്രം പ്രത്യക്ഷപ്പെടുന്ന അല്ലാഹുവിന്റെ ആ സവിശേഷ ദാസന്മാരിൽ ഒരാളായിരുന്നു അദ്ദേഹം.***(താരീഖെ അഹ്‌മദിയ്യത്ത്, വാല്യം 1, പേജ്: 95)*

ഒരു സാധാരണ ഗ്രാമീണൻ പോലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആത്മീയ പ്രഭയെ എങ്ങനെ തിരിച്ചറിഞ്ഞു എന്നതിനെക്കുറിച്ചും ഒരു സംഭവമുണ്ട്.

അല്ലാഹുവിന്റെ പ്രിയപ്പെട്ടവരും തിരഞ്ഞെടുക്കപ്പെട്ടവരുമായവരുടെ മുഖങ്ങൾ ദിവ്യപ്രഭയാൽ തിളങ്ങുന്നവയായിരിക്കും.

ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് (റ) എഴുതുന്നു: 'എന്റെ വന്ദ്യ മാതാവ് (ഹദ്റത്ത് അമ്മാജാൻ) ഇപ്രകാരം വിവരിക്കുന്നു; ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു കേസ് ആവശ്യത്തിനായി ഡൽഹൗസി (Dalhousie) എന്ന ഹിൽ സ്റ്റേഷനിലേക്ക് യാത്ര ചെയ്യുകയായിരുന്നു. വഴിമധ്യേ മഴ പെയ്യാൻ തുടങ്ങി. അദ്ദേഹവും കൂടെയുണ്ടായിരുന്ന ആളും വണ്ടിയിൽ നിന്നിറങ്ങി റോഡരികിലെ മലഞ്ചെരിവിൽ താമസിക്കുന്ന ഒരാളുടെ വീടിന് അടുത്തേക്ക് പോയി. കൂടെയുണ്ടായിരുന്നയാൾ മുന്നിൽ നടന്ന് വീടിനുള്ളിൽ പ്രവേശിക്കാൻ ഉടമയോട് അനുവാദം ചോദിച്ചുവെങ്കിലും അയാൾ അത് നിരസിച്ചു. (ദരിദ്രരുടെ വീടുകൾ പോലെ അതൊരു ചെറിയ മുറിയായിരുന്നിരിക്കാം).

അവർ തമ്മിൽ തർക്കം ഉണ്ടാവുകയും ഉടമസ്ഥൻ ദേഷ്യപ്പെടുകയും മോശമായ വാക്കുകൾ ഉപയോഗിക്കാൻ തുടങ്ങുകയും ചെയ്തു. അവർ അകത്തു കയറണമെന്ന് നിർബന്ധിക്കുകയും അയാൾ അത് സമ്മതിക്കാതിരിക്കുകയും ചെയ്തതോടെ സംസാരം രൂക്ഷമായി. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: ഈ വഴക്ക് കേട്ട് ഞാൻ മുന്നോട്ട് ചെന്നു. ആ ഉടമസ്ഥന്റെ കണ്ണുകൾ എന്റെ കണ്ണുകളുമായി ഉടക്കിയ നിമിഷം, ഞാൻ ഒന്നും സംസാരിക്കുന്നതിന് മുമ്പ് തന്നെ അയാൾ തല താഴ്ത്തിക്കൊണ്ട് ഇപ്രകാരം പറഞ്ഞു: 'സത്യം പറഞ്ഞാൽ, എനിക്കൊരു ചെറിയ മകളുണ്ട്, അതുകൊണ്ടാണ് അപരിചിതരെ ഞാൻ വീട്ടിൽ കയറ്റാത്തത്. എന്നാൽ നിങ്ങൾക്ക് തീർച്ചയായും അകത്തേക്ക് വരാം.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുമായിരുന്നു: അയാൾ തികച്ചും അപരിചിതനായിരുന്നു; അയാൾക്ക് എന്നെയോ എനിക്ക് അയാളെയോ അറിയില്ലായിരുന്നു. *(സീറത്തുൽ മഹ്ദി, വാല്യം 1, ഭാഗം 1, നിവേദനം 8, പേജ്: 6)*

**യഥാർത്ഥത്തിൽ ഇത് ആ ദിവ്യ ദീപ്തിയായിരുന്നു ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ മുഖത്ത് ആ ഗ്രാമീണൻ ദർശിച്ചതും പ്രസ്തുത കുലീനതയുടെയും ആരാധനയുടെയും അടയാളമായിരുന്നു.** അത് കണ്ടതുകൊണ്ടാണ് അയാൾ ശരി, നിങ്ങൾക്ക് പ്രവേശിക്കാം എന്ന് പറഞ്ഞത്.

അദ്ദേഹം എപ്പോഴും സർവ്വശക്തനായ അല്ലാഹുവിനെക്കുറിച്ച് ബോധവാനായിരുന്നു. എന്തെങ്കിലും തിരക്കുകളോ ഏർപ്പാടുകളോ അദ്ദേഹത്തെ അല്ലാഹുവിന്റെ സ്മരണയിൽ നിന്നും അകറ്റിയിരുന്നില്ല. കോടതി കേസുകളുടെ കാര്യത്തിലും അതായത് കേസ് വിചാരണയ്ക്കിടയിൽ കൃത്യസമയത്ത് നമസ്കരിക്കുക എന്നത് പ്രയാസകരമായ കാര്യമായിട്ടും ഇതുതന്നെയായിരുന്നു അവസ്ഥ; അത്തരം നിർണ്ണായകമായ സന്ദർഭങ്ങളെക്കുറിച്ച് ഞാൻ മുൻപ് വിവരിച്ചിട്ടുണ്ട്.

അദ്ദേഹം അല്ലാഹുവിനോടുള്ള സ്നേഹത്തിൽ അർപ്പിതനായിരുന്നു, അദ്ദേഹം അവനിൽ അലിഞ്ഞുചേർന്നിരുന്നു. **തന്റെ കേസ് കോടതിക്ക് മുന്നിൽ സമർപ്പിക്കപ്പെട്ടുകൊണ്ടിരിക്കുകയാണെങ്കിലും ഏത് നിമിഷവും തന്നെ വിളിക്കപ്പെട്ടേക്കാം എന്ന് ബോധ്യമുണ്ടായിട്ടും, നമസ്കാര സമയമായാൽ തന്റെ അഭാവം മൂലം ഉണ്ടായേക്കാവുന്ന യാതൊരു നഷ്ടത്തെക്കുറിച്ചും ചിന്തിക്കാതെ അദ്ദേഹം കോടതി വിളി ഉപേക്ഷിക്കുകയും ദൈവികകോടതിയുടെ വിളിക്ക് ഉത്തരം നൽകിക്കൊണ്ട് അല്ലാഹുവിന്റെ മുന്നിൽ ഹാജരാവുകയും ചെയ്യുമായിരുന്നു.** *(സീറത്തുൽ മഹ്ദി, വാല്യം 1, നിവേദനം 17, പേജ്: 14)*

**എല്ലാവരും ഓർത്തിരിക്കേണ്ട അടിസ്ഥാനപരമായ കാര്യമെന്തെന്നാൽ നമസ്കാര സമയമായാൽ എല്ലാ സാഹചര്യങ്ങളിലും അതിന് മുൻഗണന നൽകണം. ഒരു സത്യവിശ്വാസിയുടെ അടയാളമായി വർത്തിക്കുന്ന മാതൃകയും ഉദാഹരണവും അതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ യജമാനനിൽ (തിരുനബി(സ)) നിന്ന് ഇത് പഠിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും നമുക്ക് മുന്നിൽ ഈ മാതൃക വെക്കുകയും ചെയ്തു.**

ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി ഇർഫാനി സാഹിബ് (റ) അദ്ദേഹത്തിന്റെ ഈ അവസ്ഥയെ അതിമനോഹരമായി വിവരിച്ചിട്ടുണ്ട്. അദ്ദേഹം എഴുതുന്നു: കോടതി കേസുകളുടെ പരമ്പര വളരെ നീണ്ടതായിരുന്നു; ചില കാര്യങ്ങളിൽ അദ്ദേഹത്തിന് സുപ്രീം കോടതി വരെ പോകേണ്ടി വന്നിട്ടുണ്ട്.

അദ്ദേഹം തുടർന്ന് എഴുതുന്നു: 'ഹദ്റത്ത് മിർസാ സാഹിബിന്റെ (ഹദ്റത്ത് മസീഹ് മൗഊദ്(അ)) ജീവിതത്തിലെ ഈ ഭാഗം വായനക്കാരെ പരിചയപ്പെടുത്തുമ്പോൾ, അല്ലാഹുവുമായുള്ള അദ്ദേഹത്തിന്റെ ബന്ധത്തിലേക്ക് അവരുടെ ശ്രദ്ധ ആകർഷിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അദ്ദേഹത്തിന്റെ സാമീപ്യത്തിൽ ഇരിക്കാനും അദ്ദേഹത്തിന്റെ വാക്കുകൾ കേൾക്കാനും അവസരം ലഭിച്ചവർക്കോ, അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രസിദ്ധീകരിച്ച പ്രസംഗങ്ങൾ വായിച്ചവർക്കോ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ പറയുന്നതിന്റെ നേർരൂപമായിരുന്നുവെന്ന് അറിയാം;

دست بکار و دل بہ یار

അതായത്, കൈകൾ ജോലിയിലായിരിക്കുമ്പോഴും ഹൃദയം പ്രിയതമനോടൊപ്പമായിരിക്കുക (അല്ലാഹുവിനോടൊപ്പം). അദ്ദേഹം എപ്പോഴും അല്ലാഹുവിന്റെ സ്മരണയിൽ മുഴുകിയിരുന്നു. ഇതേ മാർഗ്ഗനിർദ്ദേശമാണ് അദ്ദേഹം എപ്പോഴും നൽകിയിരുന്നതും.

കോടതി കേസുകളിൽ സാധാരണയായി കണ്ടുവരുന്നത് വാദിയായാലും പ്രതിയായാലും രണ്ടുപേരും അതീവ ഉത്കണ്ഠയിലും അസ്വസ്ഥതയിലുമായിരിക്കും. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു കേസിനായി കോടതിയിൽ ഹാജരാകുമ്പോൾ അദ്ദേഹത്തിന്റെ സ്വഭാവത്തിൽ ആകുലതയുടെയോ വിഷമത്തിന്റെയോ യാതൊരു ലാഞ്ചനയോ ഉണ്ടാകാറില്ല. പൂർണ്ണമായ അചഞ്ചലതയോടും ഗാംഭീര്യത്തോടും കൂടി അദ്ദേഹത്തിന്റെ ഹൃദയം തന്റെ പ്രിയതമനിലേക്ക് (അല്ലാഹുവിലേക്ക്) തിരിഞ്ഞിരിക്കും.

തന്റെ പിതാവിന്റെ കല്പനകൾ അനുസരിക്കാനും അദ്ദേഹത്തോടുള്ള കടമ നിർവ്വഹിക്കാനും വേണ്ടി മാത്രമാണ് ഈ കേസുകൾ നടത്തിയിരുന്നതെങ്കിലും, ഈ കാലയളവിലുടനീളം അദ്ദേഹം ഒരിക്കൽ പോലും ഒരു നമസ്കാരം മുടക്കുകയോ അല്ലാഹുവിനോടുള്ള ബാധ്യതകളിൽ അശ്രദ്ധ കാണിക്കുകയോ ചെയ്തിട്ടില്ല.

**കോടതിക്കുള്ളിൽ പോലും, നമസ്കാര സമയമായാൽ തനിക്ക് മറ്റ് ജോലികളൊന്നുമില്ലെന്ന രീതിയിൽ അദ്ദേഹം നമസ്കാരത്തിൽ മുഴുകുമായിരുന്നു. കോടതി അദ്ദേഹത്തെ വിളിക്കുമ്പോഴും അദ്ദേഹം അതിലൊന്നും ശ്രദ്ധിക്കാതെ നമസ്കാരത്തിൽ തുടർന്ന സംഭവങ്ങളും അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്.**

അദ്ദേഹം വീണ്ടും എഴുതുന്നു: 'ഈ കേസുകളുമായി ബന്ധപ്പെട്ട യാത്രകളിൽ പോലും അദ്ദേഹത്തിന്റെ ശ്രദ്ധ സർവലോകരക്ഷിതാവായ ആ ദൈവസത്തയിൽ തന്നെ ഉറച്ചുനിൽക്കുമായിരുന്നു.

ഉദിക്കുന്ന സൂര്യനിലും, രാത്രി ആകാശത്ത് തിളങ്ങുന്ന ചന്ദ്രനിലും നക്ഷത്രങ്ങളിലും, ഒഴുകുന്ന ഉറവകളിലും വെള്ളച്ചാട്ടങ്ങളിലും, ഉന്നതമായ മലനിരകളിലും, കാട്ടാറുകളിലും, കാറ്റിലാടുന്ന വയലുകളിലും, പക്ഷികളുടെ കളകൂജനങ്ങളിലും, ഇടിമിന്നലിന്റെ ഗർജ്ജനത്തിലും എല്ലായിടത്തും അദ്ദേഹം ആ ഏകനായ സത്തയുടെ പ്രതിഫലനം ദർശിച്ചു; അതായത് എല്ലാറ്റിലും അദ്ദേഹം സർവ്വശക്തനായ അല്ലാഹുവിന്റെ ശക്തിയെ ദർശിച്ചു. അദ്ദേഹം എങ്ങോട്ട് തിരിഞ്ഞാലും തന്റെ യഥാർത്ഥ പ്രിയതമന്റെ വെളിപാടുകൾ മാത്രമേ കണ്ടിട്ടുള്ളൂ. ചന്ദ്രനെ കണ്ട് അദ്ദേഹം അസ്വസ്ഥനായെങ്കിൽ അത് അതിനുള്ളിൽ പോലും പ്രിയതമന്റെ

• ഹദീഥുന്നബ്‌വി ﷺ •

"അദ്ദുആഉ ഹുവൽ ഇബാദത്തു."
ദുആ തന്നെയാണ് യഥാർഥ ആരാധന

ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA'ATH KARULAI, MALAPPURAM,KERALA.

സൗന്ദര്യത്തിന്റെ അടയാളങ്ങൾ ദർശിച്ചതുകൊണ്ടായിരുന്നു. സൂര്യനാകുന്ന ഉറവയിൽ അതിന്റെ തിരമാലകൾ അദ്ദേഹത്തിന് ദൃശ്യമായിരുന്നു; ഓരോ നക്ഷത്രത്തിലും അവൻ തന്റെ തേജസ്സിന്റെ കാഴ്ചകൾ കണ്ടു. സൗന്ദര്യത്തിൽ കാണപ്പെടുന്ന കൃപ ആ യഥാർത്ഥ സ്രഷ്ടാവിന്റെ സൗന്ദര്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഓരോ മനോഹരമായ കണ്ണും അവനിലേക്ക് വിരൽ ചൂണ്ടുന്നു, ഓരോ ചുരുളൻ മുടിയും ആ ഏകനായ ദൈവത്തിലേക്ക് ആംഗ്യം കാണിക്കുന്നു. ഓരോ പൂവും ഓരോ തോട്ടവും അവന്റെ സൗന്ദര്യത്തിന്റെയും അനുഗ്രഹത്തിന്റെയും തോട്ടത്തിലെ സുഗന്ധത്താൽ പരിമളം പരത്തുന്നവയാണ്.

അദ്ദേഹം (ശൈഖ് യഅ്ഖൂബ് അലി ഇർഫാനി(റ) അതിമനോഹരമായ രീതിയിൽ അത് വിവരിച്ചിട്ടുണ്ട്.

തുടർന്ന് അദ്ദേഹം പറയുന്നു: വാസ്തവത്തിൽ, പുറമെ നോക്കുമ്പോൾ ഈ കോടതി കേസുകൾക്കായി അദ്ദേഹം യാത്ര ചെയ്യുകയായിരുന്നു, എന്നാൽ യഥാർത്ഥത്തിൽ ആ യാത്രകളിലുടനീളം തന്റെ പ്രിയതമനല്ലാത്ത (അല്ലാഹു) മറ്റെല്ലാവരോടുമുള്ള സ്നേഹബന്ധങ്ങളും വിശ്വസ്തതയും മുറിച്ചുമാറ്റപ്പെട്ട നിലയിലായിരുന്നു.' ഈ അവസ്ഥയെ വിവരിക്കവേ അദ്ദേഹം എഴുതുന്നു: ഡൽഹൗസി യാത്രയെക്കുറിച്ചുള്ള വിവരണത്തിൽ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, ആ യാത്രയിൽ പോലും വഴിയോരത്തെ കാഴ്ചകൾ കണ്ടപ്പോൾ മലനിരകളിലെ ഒഴുകുന്ന അരുവികളും പച്ചപുതച്ച പുൽമേടുകളും എത്ര മനോഹരമാണെന്ന് അദ്ദേഹം പറയുകയുണ്ടായി. ഇപ്രകാരം, **അദ്ദേഹം എപ്പോഴും ആ ഏകനായ സത്തയിൽ (അല്ലാഹുവിൽ) പൂർണ്ണമായി ലയിച്ചുചേരുകയും അവനിൽ സംതൃപ്തനായിരിക്കുകയും ചെയ്തു. അത് രാവായാലും പകലായാലും, ഏകാന്തതയിലായാലും സദസ്സിലായാലും ആ യഥാർത്ഥ പ്രിയതമന്റെ സ്മരണ അദ്ദേഹത്തിന്റെ ഹൃദയത്തിൽ നിന്നും ഒരിക്കലും മാഞ്ഞുപോയിരുന്നില്ല.** *(ഹയാത്തെ അഹ്മദ്, വാല്യം 1, പേജ്: 85...87)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് (റ) നിവേദനം ചെയ്യുന്നു: 'എന്റെ വന്ദ്യ മാതാവ് എന്നോട് പറഞ്ഞു; ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇപ്രകാരം പറഞ്ഞു,

سُبْحَانَ اللّٰهِ وَبِحَمْدِهٖ سُبْحَانَ اللّٰهِ الْعَظِيْمِ എന്നത് ധാരാളമായി ചൊല്ലണമെന്ന് സർവ്വശക്തനായ അല്ലാഹു എനിക്ക് വെളിപാട് നൽകി അഥവാ എന്നോട് പറഞ്ഞു.

എന്റെ മാതാവ് വിവരിക്കുന്നു, ഈ കാരണത്താൽ അദ്ദേഹം അത് ഒരുപാട് പ്രാവശ്യം ആവർത്തിച്ചു ചൊല്ലുമായിരുന്നു. രാത്രിയിൽ കിടക്കയിൽ ഒരു വശത്തുനിന്നും മറുവശത്തേക്ക് തിരിയുമ്പോൾ പോലും ഈ വചനം അദ്ദേഹത്തിന്റെ നാവിലുണ്ടാകുമായിരുന്നു.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് (റ) വീണ്ടും പറയുന്നു: ഞാൻ ഈ നിവേദനം മൗലവി ശേർ അലി സാഹിബിനോട് പറഞ്ഞപ്പോൾ, ഹദ്റത്ത് മസീഹ് മൗഊദ്(അ) അടിക്കടി സുബ്ഹാനല്ലാഹ് ചൊല്ലുന്നത് താനും ശ്രദ്ധിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് (റ) സ്വന്തം അനുഭവത്തെക്കുറിച്ച് ഇപ്രകാരം കൂടി നിവേദനം ചെയ്യുന്നു; ഹദ്റത്ത് മസീഹ് മൗഊദ്(അ) എപ്പോഴും സുബ്ഹാനല്ലാഹ് എന്ന് ചൊല്ലുന്നത് താൻ കേട്ടിട്ടുണ്ട്. വളരെ സാവധാനത്തിലും ഇടവേളകൾ നൽകിയും അതീവ ശ്രദ്ധയോടും സൗമ്യമായ രീതിയിലുമായിരുന്നു അദ്ദേഹം ഈ വാക്കുകൾ ആവർത്തിച്ചിരുന്നത്. ഇപ്രകാരം അത് ചൊല്ലുന്നതിനോടൊപ്പം തന്നെ അല്ലാഹുവിന്റെ ഗുണവിശേഷങ്ങളെക്കുറിച്ച് (Attributes) അദ്ദേഹം ചിന്തിച്ചുകൊണ്ടിരിക്കുകയായിരുന്നു. *(സീറത്തുൽ മഹ്ദി, വാല്യം 1, ഭാഗം 1, നിവേദനം 1, പേജ്: 3)*

അദ്ദേഹം വീണ്ടും എഴുതുന്നു: **ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉറക്കത്തിന്റെ രീതി എങ്ങനെയെന്നാൽ, ചെറിയ ഇടവേളകളിൽ അദ്ദേഹം ഉണരുകയും വളരെ നേർത്ത സ്വരത്തിൽ സുബ്ഹാനല്ലാഹ്, സുബ്ഹാനല്ലാഹ് എന്ന് ഉച്ചരിക്കുകയും വീണ്ടും ഉറങ്ങുകയും ചെയ്യുമായിരുന്നു** എന്ന് പീർ സിറാജുൽ ഹഖ് സാഹിബ് നുഅ്മാനി (റ) തന്നോട് പറയുകയുണ്ടായി. *(സീറത്തുൽ മഹ്ദി, വാല്യം 1, ഭാഗം 2, നിവേദനം 310, പേജ്: 287)*

ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി (റ) നിവേദനം ചെയ്യുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ യജമാനനും ഔദാര്യവാനുമായ തിരുനബി(സ)യുടെ ഉത്തമ മാതൃകയും പരിശുദ്ധമായ ചര്യയും പിന്തുടർന്നുകൊണ്ട് ഏകാന്തതയും നിശബ്ദതയും വളരെയധികം ഇഷ്ടപ്പെട്ടിരുന്നു. സത്യത്തിൽ അദ്ദേഹത്തിന് സ്വന്തമായി തീരുമാനിക്കാൻ കഴിയുമായിരുന്നുവെങ്കിൽ അദ്ദേഹം ഒരിക്കലും ഏകാന്തതയിൽ നിന്നും പുറത്തു വരുമായിരുന്നില്ല. ഒട്ടനവധി സന്ദർഭങ്ങളിൽ തന്റെ പ്രസംഗങ്ങളിലും രചനകളിലും അദ്ദേഹം ഈ വികാരം പ്രകടിപ്പിച്ചിട്ടുണ്ട്.

ചുരുക്കത്തിൽ, ഏകാന്തതയും നിശബ്ദതയും ഇഷ്ടപ്പെട്ടിരുന്ന അദ്ദേഹത്തിന്റെ പ്രകൃതവും ഉൾത്തടവും ദിവ്യപ്രചോദനത്താൽ ഉത്തേജിപ്പിക്കപ്പെടുകയും അല്ലാഹുവിനോടുള്ള തീവ്രമായ അനുരാഗം അദ്ദേഹത്തെ പൂർണ്ണമായും അവനിലേക്ക് വലിച്ചടുപ്പിക്കുകയും ചെയ്തപ്പോൾ അദ്ദേഹം തന്റെ പിതാവിന് ഒരു കത്തെഴുതി. ആ കത്ത് വായിക്കുമ്പോൾ, ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ യൗവനാരംഭം മുതൽക്കേ ഭൗതികതയോട് വിമുഖത കാണിച്ചിരുന്നതായും അല്ലാഹുവുമായുള്ള ബന്ധം ശക്തമാക്കുന്നതിൽ നിരന്തരം വ്യാപൃതനായിരുന്നുവെന്നും വ്യക്തമാകും.

**അദ്ദേഹത്തിന്റെ യൗവനകാലത്ത് എഴുതിയ ഈ കത്ത് അദ്ദേഹത്തിന്റെ പരിശുദ്ധമായ പ്രകൃതത്തെയും ഉന്നതമായ സ്വഭാവത്തെയുമാണ് പ്രതിഫലിപ്പിക്കുന്നത്.**

ഫാർസി ഭാഷയിലായിരുന്നു ആ കത്തെഴുതിയത്. അതിന്റെ ഒരു ഭാഗം ഞാൻ ഇവിടെ വായിക്കാം. തന്റെ പിതാവിനെ അഭിസംബോധന ചെയ്തുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇപ്രകാരം എഴുതി:

നിലവിലെ ഈ കാലഘട്ടത്തിൽ, ഓരോ നാട്ടിലും രാജ്യത്തിലും ഓരോ വർഷവും ഏതോ ഒരു വിപത്ത് പൊട്ടിപ്പുറപ്പെടുന്നതായും, സുഹൃത്തുക്കളെ സുഹൃത്തുക്കളിൽ നിന്നും പ്രിയപ്പെട്ടവരെ അവരുടെ പ്രിയപ്പെട്ടവരിൽ നിന്നും വേർപെടുത്തുന്നതായും അതീവ ഉത്കണ്ഠയോടെ സ്വന്തം കണ്ണുകളാൽ എനിക്ക് കാണാൻ സാധിക്കുന്നുണ്ട്. കത്തുന്ന തീജ്വാലകളും വേദനാജനകമായ കഷ്ടപ്പാടുകളും ഖിയാമത്തിന് സമാനമായ കാഴ്ചകൾ സൃഷ്ടിക്കാത്ത ഒരു വർഷം പോലും കടന്നുപോയിട്ടില്ല. ഇത്തരം സാഹചര്യങ്ങൾ നിരീക്ഷിക്കുമ്പോൾ, ദുനിയാവിനോടുള്ള എന്റെ ഹൃദയം തണുത്തുപോയിരിക്കുന്നു (താല്പര്യം നശിച്ചിരിക്കുന്നു), വരാനിരിക്കുന്നതിനെക്കുറിച്ചുള്ള ആശങ്കയാൽ എന്റെ മുഖം വിളറിയിരിക്കുകയാണ്.

നമ്മുടെ ഈ വർത്തമാനകാലത്തും ലോകത്തിന്റെ അവസ്ഥ ഓരോ വശത്തും തീ പടരുന്നതിനെയാണ് നമ്മെ ഓർമ്മിപ്പിക്കുന്നത്. അതിനാൽ, അല്ലാഹുവുമായി എക്കാലത്തെ ക്കാളും ശക്തമായ ഒരു ബന്ധം നാം വളർത്തിയെടുക്കേണ്ടതുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തുടർന്ന് എഴുതുന്നു:

'ശൈഖ് മുസ്‌ലിഹുദ്ദീൻ സാദി ശീറാസിയുടെ താഴെ പറയുന്ന ഈ വരികൾ പലപ്പോഴും ഞാൻ ഓർക്കാറുണ്ട്, അപ്പോൾ എന്റെ കണ്ണുകളിൽ നിന്നും വേദനയുടെ കണ്ണുനീർ ഒഴുകും:

مُکن تکیہ بر عمرِ ناپائیدار

مَباش ایمن از بازیِ رُوزگار

'ശാശ്വതമല്ലാത്ത ഈ ജീവിതത്തിൽ നീ ഭരമേൽപ്പിക്കരുത്; ഈ ഭൗതിക പരിശ്രമങ്ങളിൽ നീ നിന്നെത്തന്നെ സുരക്ഷിതനായി കരുതുകയും ചെയ്യരുത്.'

അതായത്, ഭൗതിക കാര്യങ്ങളിൽ മുഴുകുന്നതിലൂടെ താൻ സുരക്ഷിതനായിത്തീർന്നു എന്ന് ഒരാൾ ഒരിക്കലും വിചാരിക്കരുത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) വീണ്ടും എഴുതുന്നു: കൂടാതെ, അക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഉപയോഗിച്ചിരുന്ന തൂലികാനാമമായ ഫറൂഖ് ഖാദിയാനി എന്ന പേരിൽ രചിച്ച കവിതയിലെ ഹൃദയസ്പർശിയായ രണ്ട് വരികൾ താഴെ പറയുന്നവയാണ്:

بَدُنیائے دُوں دل مَبَنْد اے جواں

کہ وقتِ اَجَل مِی رَسَدْ ناگہاں

'ഓ യുവാവേ, ഈ നീചമായ ലോകത്തോട് നീ നിന്റെ ഹൃദയത്തെ ബന്ധിപ്പിക്കരുത്; കാരണം മരണത്തിന്റെ നിശ്ചിത സമയം പെട്ടെന്ന് കടന്നുവരുന്നതാണ്.'

'എന്റെ ശിഷ്ടകാലം ഏകാന്തതയിൽ ചിലവഴിക്കാനും ഭൗതികമായ കൂട്ടുകെട്ടുകളിൽ നിന്ന് പിൻവാങ്ങി സർവ്വമഹത്വവാനായ അല്ലാഹുവിന്റെ സ്മരണയിൽ മുഴുകാനും ഞാൻ ആഗ്രഹിക്കുന്നു; അതിലൂടെ എനിക്ക് പാപമോചനം തേടാനും എന്റെ കുറവുകൾ പരിഹരിക്കാനും സാധിക്കുമല്ലോ.'

ഇതൊരു സുദീർഘമായ കത്താണ്; എന്നാൽ ഇതിൽ നിന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ) ന് പ്രശസ്തിയോ ആദരവോ ആഗ്രഹമില്ലായിരുന്നുവെന്നും സർവ്വശക്തനായ അല്ലാഹുവുമായി പരിശുദ്ധവും നിഷ്കളങ്കവുമായ ഒരു ബന്ധമാണ് അദ്ദേഹം പുലർത്തിയിരുന്നതെന്നും വ്യക്തമാണ്. സർവ്വശക്തനായ അല്ലാഹുവിന്റെ കല്പന അനുസരിക്കാനായിരുന്നില്ലെങ്കിൽ അദ്ദേഹം ഒരിക്കലും പൊതുജനമധ്യത്തിൽ പ്രത്യക്ഷപ്പെടില്ലായിരുന്നു എന്ന നിലയ്ക്കുള്ളതായിരുന്നു ഏകാന്തതയോടുള്ള അദ്ദേഹത്തിന്റെ താൽപര്യം.

ഹദ്റത്ത് മസീഹ് മൗഊദ്(അ) വീണ്ടും എഴുതുന്നു:

**സർവ്വശക്തനായ അല്ലാഹു ഏകാന്തജീവിതവും പൊതുജീവിതവും തമ്മിൽ തിരഞ്ഞെടുക്കാൻ എനിക്ക് അവസരം നൽകുകയാണെങ്കിൽ, ആ പരിശുദ്ധമായ സത്തയെ സാക്ഷി നിർത്തി ഞാൻ പറയുന്നു, ഞാൻ ഏകാന്തതയെ മാത്രമേ തിരഞ്ഞെടുക്കുകയുള്ളൂ. പ്രായോഗിക സേവനത്തിന്റെ രംഗത്തേക്ക് എന്നെ പിടിച്ചുകൊണ്ടുവന്നത് അല്ലാഹുവാണ്. ഏകാന്തതയിൽ ഞാൻ അനുഭവിക്കുന്ന ആനന്ദം അല്ലാഹുവിനല്ലാതെ മറ്റാർക്കാണ് അറിയാവുന്നത്? ഏകദേശം 25 വർഷത്തോളം ഞാൻ ഏകാന്തതയിൽ കഴിഞ്ഞു; ഒരിക്കൽ പോലും ഭൗതിക പ്രശസ്തിയുടെ ഇരിപ്പിടത്തിൽ ഇരിക്കാൻ ഞാൻ ആഗ്രഹിച്ചിട്ടില്ല. പ്രകൃത്യാ തന്നെ ജനങ്ങളുമായി ഇടപഴകുന്നതിൽ എനിക്ക് വിമുഖതയുണ്ടായിരുന്നു; എങ്കിലും ദിവ്യകല്പനയാൽ ഞാൻ ഇതിന് നിർബന്ധിതനായിരിക്കുകയാണ്.** *(ഹയാത്തെ അഹ്മദ്, വാല്യം 1, പേജ്: 111...115)*

ഇപ്രകാരം തന്റെ പിതാവിന് കത്തെഴുതിയ ശേഷം അദ്ദേഹം സർവ്വതും ഉപേക്ഷിച്ചു. ഒരു രാജകുമാരന് ലഭിക്കുന്ന തരത്തിലുള്ള പൈതൃക സ്വത്തുക്കളാണ് അദ്ദേഹം വേണ്ടെന്നു വെച്ചത്. അദ്ദേഹത്തിന്റെ പിതാവിന് ഏഴ് ഗ്രാമങ്ങൾ സ്വന്തമായിട്ടുണ്ടായിരുന്നു; എന്നാൽ അല്ലാഹുവിനോടുള്ള സ്നേഹത്തെ ലാക്കാക്കി അദ്ദേഹം അവയെല്ലാം ഉപേക്ഷിച്ചു. *(താരീഖെ അഹ്മദിയ്യത്ത്, വാല്യം 1, പേജ്: 42)*

ചില സമയങ്ങളിൽ തന്റെ അനുയായികളെയും അദ്ദേഹം ഈ കാര്യ

ത്തിൽ ഉപദേശിക്കാറുണ്ടായിരുന്നു. മിയാൻ മുഹമ്മദ് മൂസ ഖാൻ സാഹിബ് വിവരിക്കുന്ന ഒരു സംഭവം ഇപ്രകാരമാണ്: ഒരിക്കൽ ഖാദിയാൻ സന്ദർശനത്തിനിടെ പുതിയതായി ഇസ്‌ലാം സ്വീകരിച്ച ഒരു അംഗം ഹദ്റത്ത് മസീഹ് മൗഊദ്(അ) അവരുടെ സന്നിധിയിൽ ഇപ്രകാരം അപേക്ഷിച്ചു: ഹുസൂർ, എന്റെ വിളവുകൾ കൊയ്ത്തിന് പാകമായിരിക്കുകയാണ്, അതിനാൽ പോകാൻ എനിക്ക് അനുവാദം നൽകണം. (അദ്ദേഹത്തിന് വലിയ തോതിൽ കൃഷിഭൂമിയുണ്ടായിരുന്നു). അതിന്റെ വിഹിതം വെക്കുന്നതിനും മറ്റും എനിക്ക് മേൽനോട്ടം വഹിക്കേണ്ടതുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ചോദിച്ചു: 'വിളവുകൾ എത്രത്തോളമുണ്ട്' അദ്ദേഹം മറുപടി നൽകി: വളരെയധികം വിളവുകളുണ്ട്. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: ഞാൻ അനേകം ഗ്രാമങ്ങൾ ഉപേക്ഷിച്ചുകൊണ്ടാണ് അല്ലാഹുവിന്റെ ഈ തിരുമുറ്റം തിരഞ്ഞെടുത്തത്. നിങ്ങൾ ഏതാനും ദിവസങ്ങൾ കൂടി ഇവിടെ തുടരേണ്ടതുണ്ട്. *(അസ്ഹാബെ അഹ്മദ്, വാല്യം 4, പേജ്: 424)*

**ഭൗതിക കാര്യങ്ങൾ അല്ലാഹുവിൽ അർപ്പിക്കാനും തന്റെ ആത്മീയാവസ്ഥ മെച്ചപ്പെടുത്താനുമാണ് അദ്ദേഹം നിർദ്ദേശിച്ചത്. അല്ലാഹു തന്റെ അനുഗ്രഹങ്ങൾ വർഷിക്കുക തന്നെ ചെയ്യും.**

ആ പ്രത്യേക സാഹചര്യത്തിൽ, ആ വ്യക്തിയുടെ അവസ്ഥ മനസ്സിലാക്കിക്കൊണ്ട് അദ്ദേഹത്തിന്റെ ആത്മീയ പരിശീലനത്തിനായി ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇത്തരമൊരു ഉപദേശം നൽകിയതാണ്. എന്നാൽ മറ്റു സ്ഥലങ്ങളിൽ, ഭൗതികമായ ഉത്തരവാദിത്തങ്ങൾ പൂർണ്ണമായും ഉപേക്ഷിക്കരുതെന്നും അദ്ദേഹം പഠിപ്പിച്ചിട്ടുണ്ട്. സർവ്വശക്തനായ അല്ലാഹു നൽകിയിട്ടുള്ള അനുഗ്രഹങ്ങളെ വിലമതിക്കേണ്ടതുണ്ട്. അതിനാൽ, പുതുതായി വിശ്വാസത്തിലേക്ക് വന്ന ആ വ്യക്തിയുടെ ധാർമ്മികവും ആത്മീയവുമായ പരിശീലനത്തിനായി അദ്ദേഹം ആ രീതിയിൽ ഉപദേശിച്ചു എന്ന് മാത്രം. ഓരോരുത്തരുടെയും സവിശേഷമായ സാഹചര്യങ്ങൾക്കനുസരിച്ചാണ് ചിലപ്പോൾ ഉപദേശങ്ങൾ നൽകപ്പെടുന്നത്. ഓരോ വ്യക്തിയും സ്വന്തം അവസ്ഥയെക്കുറിച്ച് സൂക്ഷ്മമായി വിലയിരുത്തേണ്ടതുണ്ട്. ഭൗതികതയിൽ മുങ്ങിപ്പോകത്തക്ക വിധം ലോകത്ത് മുഴുകാനോ, അതല്ലെങ്കിൽ ഐഹികമായ കടമകൾ അവഗണിക്കുന്ന തരത്തിൽ ലോകത്ത് നിന്ന് ഒറ്റപ്പെടാനോ പാടില്ല. സന്തുലിതവും സമഗ്രവുമായ ഒരു അധ്യാപനമാണ് ഇസ്‌ലാം മുന്നോട്ടുവെക്കുന്നത്. എന്നാൽ എപ്പോഴും ഓർമ്മിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം, നാം ഒരിക്കലും സർവ്വശക്തനായ അല്ലാഹുവിനെ വിസ്മരിക്കരുത് എന്നതാണ്. ഇക്കാര്യത്തിൽ നാം എപ്പോഴും അതീവ ശ്രദ്ധ പുലർത്തണം.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹുവിനോടുള്ള സ്നേഹത്തെയും ആരാധനയെയും കുറിച്ചുള്ള വിവിധ വശങ്ങളാണ് ഇന്ന് ഇവിടെ അവതരിപ്പിച്ചത്.

ഈ റമദാൻ മാസത്തിൽ നമ്മുടെ ആരാധനകളോട് യഥാർത്ഥത്തിൽ നീതി പുലർത്താൻ സർവ്വശക്തനായ അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ. അവനോടുള്ള സ്നേഹത്തിൽ വർദ്ധനവ് വരുത്താൻ നമ്മെ പ്രാപ്തരാക്കട്ടെ. ഇതിലൂടെ റമദാനിലെ അനുഗ്രഹങ്ങളിൽ പരമാവധി പങ്കുചേരാനും ആ അനുഗ്രഹങ്ങളുടെ സ്വാധീനം റമദാനിന് ശേഷവും നിലനിൽക്കാനും അല്ലാഹു തൗഫീഖ് നൽകട്ടെ. ഒരു യഥാർത്ഥ മുഅ്മിനിന്റെയും മുസ്‌ലിമിന്റെയും അടയാളങ്ങൾ ജീവിതത്തിൽ പകർത്തുവാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ.

**ഈ ദിനങ്ങളിൽ, പ്രത്യേകിച്ച് വ്യാജമായ ആരോപണങ്ങൾ ചുമത്തപ്പെട്ട് പ്രയാസങ്ങൾ അനുഭവിക്കുന്ന അഹ്മദികൾക്കായി പ്രാർത്ഥിക്കുക. നമ്മുടെ അഹ്മദി സഹോദരങ്ങൾക്കായി അല്ലാഹു എളുപ്പമുണ്ടാക്കട്ടെ. നിങ്ങളുടെ പ്രാർത്ഥനകളിൽ മുസ്‌ലിം ഉമ്മത്തിനെയും ഓർക്കുക. ലോകത്തെ നാശത്തിൽ നിന്നും രക്ഷിക്കാനായി പ്രാർത്ഥിക്കുക. അത്തരം തിന്മകളിൽ നിന്നും നിരപരാധികളെ അല്ലാഹു സംരക്ഷിക്കട്ടെ. ഒരു യുദ്ധമോ നാശമോ അനിവാര്യമാണെങ്കിൽ അല്ലാഹു നിരപരാധികളെ അതിൽ നിന്നും കാത്തുസൂക്ഷിക്കുകയും അക്രമികളെ പിടികൂടുകയും ചെയ്യട്ടെ.**

(വിവ: അബൂ അത്തിയ)

AL-ISLAM
www.alislam.org

അനുസ്മരണം:

# ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)ന്റെ ഏറ്റവും ഇളയ മകൾ

## സാഹിബ്സാദി അമത്തുൽ ജമീൽ സാഹിബ

സയ്യിദനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹു തആലാ) 2026 മാർച്ച് 6 ലെ ജുമുഅ ഖുതുബയിൽ, ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)ന്റെ ഏറ്റവും ഇളയ മകൾ സാഹിബ്സാദി അമത്തുൽ ജമീൽ സാഹിബ ദിവംഗതയായ വിവരം അറിയിക്കുകയും അവരെ അനുസ്മരിക്കുകയും ചെയ്തു.

ഹുസൂർ പറയുന്നു: ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)ന്റെ ഏറ്റവും ഇളയ മകളും നാസിർ മഹ്മൂദ് സിയാൽ സാഹിബിന്റെ പത്നിയുമായിരുന്ന ബഹുമാന്യ സാഹിബ്സാദി അമത്തുൽ ജമീൽ സാഹിബ 89-ാം വയസ്സിൽ വഫാത്തായി. അവർ ഹദ്റത്ത് ചൗധരി ഫതഹ് മുഹമ്മദ് സിയാൽ സാഹിബിന്റെ മരുമകളായിരുന്നു. പരേത ഒരു മൂസിയ (വസിയ്യത്ത് ചെയ്തവർ) ആയിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)ന്റെ പത്നി ഹദ്റത്ത് സയ്യിദ മറിയം ബീഗം സാഹിബയുടെ മകളാണ്.

1955ൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) തന്നെയാണ് അവരുടെ നിക്കാഹ് നടത്തിക്കൊടുത്തത്. ഹുസൂർ അന്ന് രോഗബാധിതനായിരുന്നതിനാൽ കിടന്നുകൊണ്ട് തന്നെയാണ് നിക്കാഹ് ഖുതുബ ഓതിയതും പ്രാർത്ഥിച്ചതും. കുടുംബത്തിലെ കുറച്ചുപേർ മാത്രമാണ് ആ ചടങ്ങിൽ പങ്കെടുത്തത്. നിക്കാഹ് സമയത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) തുടക്കം മുതൽ ഒടുക്കം വരെ ഒരു പ്രത്യേക അവസ്ഥയിലായിരുന്നുവെന്നു. 1956ലായിരുന്നു വിവാഹം. അവർക്ക് നാല് മക്കളുണ്ട്; ഒരു മകനും മൂന്ന് മകളും. മകൻ സായിർ മുസ്തഫാ സാഹിബ്, മകൾ യാസ്മിൻ മലിക് സാഹിബ (കാനഡ), സാദിയ അഹ്മദ് സാഹിബ (യുകെ), പിന്നെ റബ്‌വയിലെ നാസിർ ഖിദ്മത്തെ ദർവേശാൻ സാഹിബ്സാദ മിർസാ സമദ് അഹ്മദ് സാഹിബിന്റെ പത്നിയായ സോഫിയ അഹ്മദ് സാഹിബ.

ജ. നാസിർ മുഹമ്മദ് സിയാൽ സാഹിബ് ഒരു വഖ്ഫെ സിന്ദഗി ആയിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ഫസ്‌ലെ ഉമർ റിസർച്ച് ആരംഭിച്ചപ്പോൾ അദ്ദേഹത്തെ ഗവേഷണത്തിനായി നിയോഗിച്ചു. പിന്നീട് സ്വന്തമായി ജോലി ചെയ്യാൻ ജമാഅത്ത് അദ്ദേഹത്തിന് അനുവാദം നൽകി.

പരേത അതീവ ദയാലുവും ദരിദ്രരെ സഹായിക്കുന്ന മഹതിയുമായിരുന്നു. അവരുടെ വഫാത്തിന് ശേഷം കണക്കുകൾ പരിശോധിച്ചപ്പോഴാണ് അവർ എത്രത്തോളം പാവപ്പെട്ടവരെ കരുതിയിരുന്നു എന്ന് മനസ്സിലാക്കാൻ സാധിച്ചത്. അവരെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) കണ്ട ചില ദർശനങ്ങളും സംഭവങ്ങളും ഉണ്ട്.

അവർ ജീവിതം വഖ്ഫ് സിന്ദഗികളെ അവർ ചെയ്തവരെ വളരെയധികം ബഹുമാനിച്ചിരുന്നു.

അവർക്ക് ഏഴ് വയസ്സുള്ളപ്പോഴാണ് മാതാവ് ഹദ്റത്ത് സയ്യിദ മറിയം സിദ്ദീഖ സാഹിബ വഫാത്താകുന്നത്. ആ സമയത്ത് അവർ ഒരുപാട് കരയുന്നുണ്ടായിരുന്നു. അപ്പോൾ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) അവരെ ഇപ്രകാരം സമാധാനിപ്പിച്ചു: 'ഉമ്മി അല്ലാഹുവിന്റെ അടുത്തേക്കാണ് പോയത്. നോക്കൂ, തിരുനബി(സ) വഫാത്തായി, നിന്റെ വല്യുപ്പ (ഹദ്റത്ത് മസീഹ് മൗഊദ്(അ)) വഫാത്തായി; നിന്റെ ഉമ്മി അവരേക്കാൾ വലിയവരാണോ?'. അതിനുശേഷം അവർ കരഞ്ഞിട്ടില്ല.

ചന്ദയുടെ കാര്യത്തിൽ അവർ അതീവ നിഷ്ഠയുള്ളവരായിരുന്നു. തന്റെ സ്വത്തിന്റെ നിശ്ചിത വിഹിതം (ഹിസ്സ ജാഇദാദ്) നേരത്തെ തന്നെ കണക്കാക്കി വെച്ചിരുന്നു. ജമാഅത്ത് അംഗങ്ങൾക്ക് വേണ്ടി അവർ പതിവായി പ്രാർത്ഥിക്കാറുണ്ടായിരുന്നു. ദു:ആ ചെയ്യേണ്ടവരുടെ ഒരു പട്ടിക തന്നെ അവർ കൈവശം വെച്ചിരുന്നു.

അല്ലാഹു അവരോട് പൊറുമയോടെയും കരുണയോടെയും വർത്തിക്കുമാറാകട്ടെ. ആമീൻ.

• ഹദീഥുന്നബ്‌വി ﷺ •



**മരിച്ചവരെ ചീത്ത പറയരുത്,**
**എന്തുകൊണ്ടെന്നാൽ അവർ മുമ്പേ**
**അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.**
**(ബുഖാരി 23:77)**

ത്വാലിബെ ദുആ
**SERA SPORTS,** P.I.GROUND FLOOR
ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP
GOVT.H.S.S, OLAVANN, MOB-8845680091

• ഹദീഥുന്നബ്‌വി ﷺ •

**"ബജ്ജിലുൽ മശാഇഖ."**
**പ്രായമുള്ളവരെ ബഹുമാനിക്കുക.**




tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ[റ]

## സീറത്തുൽ മഹ്ദി[അ]

വിവ: എ.നാസിർ ഖാദിയാൻ

### സുബ്ഹാനല്ലാഹ്

ഹദ്റത്ത് അമ്മാജാൻ (റ) എന്നോട് ഇപ്രകാരം വിവരിച്ചു: ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) അവരോട് പറഞ്ഞു, സുബ്ഹാനല്ലാഹി വബിഹംദിഹി സുബ്ഹാനല്ലാഹിൽ അളീം എന്നത് വളരെയധികം ചൊല്ലേണ്ടതാണെന്ന് എനിക്ക് അല്ലാഹുവിൽ നിന്ന് അറിവ് ലഭിച്ചിരിക്കുന്നു (അല്ലെങ്കിൽ അറിയിക്കപ്പെട്ടിരിക്കുന്നു). അമ്മാജാൻ(റ) പറയുന്നു: ഈ കാരണം കൊണ്ട് അവിടുന്ന് ഇത് വളരെയധികം പതിവാക്കിയിരുന്നു. രാത്രിയിൽ കിടക്കയിൽ വശങ്ങൾ തിരിയുമ്പോൾ പോലും ഈ വചനങ്ങൾ അദ്ദേഹത്തിന്റെനാവിലുണ്ടാകുമായിരുന്നു. ഈ വിവരണം ഞാൻ മൗലവി ശേർ അലി സാഹിബിനോട് പറഞ്ഞപ്പോൾ, ഹദ്റത്ത് മസീഹ് മൗഊദ്(അ) സുബ്ഹാനല്ലാഹ് എന്ന് വളരെയധികം ചൊല്ലുന്നത് താനും കണ്ടിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ ഹുസൂർ(അ) ഇസ്തഗ്ഫാർ ചൊല്ലുന്നത് താൻ ഒരിക്കലും കേട്ടിട്ടില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കൂടാതെ എന്റെ സ്വന്തം നിരീക്ഷണം ഞാൻ ഇപ്രകാരം വ്യക്തമാക്കുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ) സുബ്ഹാനല്ലാഹ് എന്ന് ചൊല്ലുന്നത് ഞാനും കേട്ടിട്ടുണ്ട്. വളരെ സാവധാനത്തിലും ശാന്തമായും, അങ്ങേയറ്റം സമാധാനത്തോടും ആർദ്രതയോടും കൂടിയാണ് അദ്ദേഹം ഈ വാക്കുകൾ ആവർത്തിച്ചിരുന്നത്. അല്ലാഹുവിന്റെ വിശേഷണങ്ങളെക്കുറിച്ച് അദ്ദേഹം ആഴത്തിൽ ചിന്തിച്ചുകൊണ്ടിരിക്കുകയാണെന്ന് തോന്നിപ്പിക്കും വിധമായിരുന്നു അത്.

### വുളു

ഹദ്റത്ത് അമ്മാജാൻ (റ) എന്നോട് വിവരിച്ചു: ഹദ്റത്ത് മസീഹ് മൗഊദ്(അ) സാധാരണയായി എപ്പോഴും വുളുവോടു കൂടിയാണ് ഇരുന്നിരുന്നത്. പ്രാഥമിക കൃത്യങ്ങൾ കഴിഞ്ഞ് വരുമ്പോഴെല്ലാം അദ്ദേഹം വുളു ചെയ്യുമായിരുന്നു; രോഗമോ മറ്റേതെങ്കിലും കാരണങ്ങളോ ഉണ്ടെങ്കിൽ മാത്രമാണ് ഇതിൽ മാറ്റം വന്നിരുന്നത്.

### ഇശ്റാഖ്, തഹജ്ജുദ് നമസ്കാരങ്ങൾ

ഹദ്റത്ത് അമ്മാജാൻ(റ) എന്നോട് വിവരിച്ചു: ഹദ്റത്ത് മസീഹ് മൗഊദ്(അ) അഞ്ചു നേരത്തെ നമസ്കാരം കൂടാതെ സാധാരണയായി രണ്ട് തരം നവാഫിലുകളാണ് (സുന്നത്തുകൾ) നമസ്കരിച്ചിരുന്നത്. ഒന്ന് ഇശ്റാഖ് നമസ്കാരം (രണ്ടോ നാലോ റക്അത്തുകൾ), ഇത് അദ്ദേഹം എപ്പോഴെങ്കിലും നിർവ്വഹിച്ചിരുന്നു. രണ്ടാമത്തേത് തഹജ്ജുദ് നമസ്കാരം (എട്ട് റക്അത്തുകൾ), ഇത് അവിടുന്ന് എപ്പോഴും നിർവ്വഹിച്ചിരുന്നു. കഠിനമായ രോഗാവസ്ഥയിൽ പോലും തഹജ്ജുദ് സമയത്ത് കിടക്കയിൽ കിടന്നുകൊണ്ട് തന്നെ അദ്ദേഹം ദു:ആ ചെയ്യുമായിരുന്നു. അവസാന കാലത്ത് ശാരീരിക അവശത കാരണം തഹജ്ജുദ് നമസ്കാരം മിക്കവാറും ഇരുന്നുകൊണ്ടാണ് നിർവ്വഹിച്ചിരുന്നത്.

### രാത്രികാല ജോലികൾ

ഹദ്റത്ത് അമ്മാജാൻ (റ) എന്നോട് വിവരിച്ചു: ഹദ്റത്ത് മസീഹ് മൗഊദ്(അ) സാധാരണയായി സുബ്ഹി നമസ്കാരത്തിന് ശേഷം അല്പനേരം ഉറങ്ങാറുണ്ടായിരുന്നു. കാരണം രാത്രിയുടെ ഭൂരിഭാഗവും അദ്ദേഹം ഉണർന്നിരിക്കുകയായിരുന്നു പതിവ്. രാത്രികാലങ്ങളിൽ ലേഖനങ്ങൾ എഴുതേണ്ടി വന്നിരുന്നതും, മൂത്രസംബന്ധമായ അസുഖം കാരണം പലതവണ എഴുന്നേൽക്കേണ്ടി വന്നിരുന്നതും, കൂടാതെ തഹജ്ജുദ് നമസ്കാരത്തിനായി എഴുന്നേൽക്കുന്നതുമായിരുന്നു ഇതിന് കാരണം. മണ്ണെണ്ണ വിളക്കിന്റെ വെളിച്ചത്തിൽ ഇരുന്ന് ജോലി ചെയ്യുന്നത് ഹുസൂർ(അ) ഇഷ്ടപ്പെട്ടിരുന്നില്ലെന്നും അതിന് പകരം മെഴുകുതിരികളാണ് ഉപയോഗിച്ചിരുന്നതെന്നും അമ്മാജാൻ(റ) പറഞ്ഞു. ഒരു കാലഘട്ടത്തിൽ കുറച്ചുനാൾ ഗ്യാസ് ലാമ്പും ഉപയോഗിച്ചിരുന്നു. (തുടരും)

പേജ് 1 ൽ നിന്ന്

**ഹദ്റത്ത് മസീഹ് മൗഊദ് [അ] ന്റെ പാഠങ്ങൾ:**

അല്ലാഹുവിനോടുള്ള സ്നേഹത്താൽ പാവങ്ങൾക്കും അനാഥർക്കും തടവുകാർക്കും ഭക്ഷണം നൽകുന്നവരാണ് സത്യവിശ്വാസികൾ. അവർ അവരോട് പറയും: 'ഞങ്ങൾ അല്ലാഹുവിനോടുള്ള സ്നേഹത്താലും അവന്റെ പ്രീതിക്കായും മാത്രമാണ് നിങ്ങൾക്ക് നൽകുന്നത്. നിങ്ങളിൽ നിന്നും ഞങ്ങൾ യാതൊരു പ്രതിഫലമോ നന്ദിയോ ആഗ്രഹിക്കുന്നില്ല.' *(സിറാജുദ്ദീൻ ഈസായിയുടെ നാല് ചോദ്യങ്ങൾക്കുള്ള മറുപടി, പേജ്: 42. തഫ്സീർ ഹദ്റത്ത് മസീഹ് മൗഊദ്(അ), വാല്യം 3, സൂറത്തുദ്ദഹർ, പേജ്: 281282)*


പേജ് 2 ൽ നിന്ന്

മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം അല്ലാഹു ഖുർആനിലൂടെ നൽകിയ നിർദ്ദേശമായതിനാൽ ഇതിന് വലിയ പ്രാധാന്യമുണ്ട്. സന്ധി ഉണ്ടാക്കുമ്പോൾ സ്വന്തം താൽപ്പര്യങ്ങൾ നോക്കാതെ യഥാർത്ഥ പ്രശ്നത്തിന് പരിഹാരം കാണുകയാണ് വേണ്ടത്. പാകിസ്ഥാനും ചൈന ഉൾപ്പെടെയുള്ള മറ്റു ചില രാജ്യങ്ങളും സമാധാന ചർച്ചകൾക്കായി മുന്നോട്ട് വന്നിട്ടുണ്ട്. ഇറാൻ ഉൾപ്പെടെയുള്ള അറബ് രാജ്യങ്ങൾ ഈ വിഷയത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്.

നമ്മുടെ കടമ പ്രാർത്ഥിക്കുകയാണ്. ഈ റമദാനിൽ സ്വന്തം ആവശ്യങ്ങൾക്ക് വേണ്ടി മാത്രം പ്രാർത്ഥിക്കാതെ, മുസ്‌ലിം ഉമ്മത്തിന് വേണ്ടിയും ലോകസമാധാനത്തിന് വേണ്ടിയും പ്രത്യേകമായി പ്രാർത്ഥിക്കുക.

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ...
ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

The Weekly BADR Qadian (Malayalam)
www.akhbarbadr.in




**• ഹദീഥുന്നബ്വി[സ] •**

**"അൽഅഅ്മാലു ബിൽ ഖവാതീമി"**
**കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.**

ത്വാലിബെ ദുആ
RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

**• ഹദീഥുന്നബ്വി[സ] •**

**"ഊസ്വീക്കും ബിൽജാരി."**
**അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന് ഞാൻ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു.**

ത്വാലിബെ ദുആ
P. ABDUL AMEER
AHMADIYYA JAMA-ATH MANJERY, KERALA

EDITOR
H.Shamsuddin
Mobile : +91 99460 21252
Sub Editor : Mohammad Ismail
e-mail : badarmalayalam@gmail.com
Layout: HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516
POSTAL REG NO GDP-44/2026-28 Vol-11 Thursday 9 April 2026 Issue:15

ACT. MANAGER
ATHAR AHMAD SHAMIM
Mobile: +91 9815639670
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ
**സീറത്തുന്നബി(സ)**
വിവ: അബൂസ്വബാഹ്

# തിരുനബി(സ)യുടെ ജീവചരിത്രവും
## ഇസ്‌ലാമിക ചരിത്രവും: പ്രാരംഭ സ്രോതസ്സുകൾ

ഇസ്‌ലാമിന് മുമ്പുള്ള അറേബ്യൻ ചരിത്രം വാമൊഴിയായ വിവരണങ്ങളിലൂടെ മാത്രമാണ് സംരക്ഷിക്കപ്പെട്ടതെന്ന ഞങ്ങളുടെ പ്രസ്താവന ഈ വിഷയത്തിൽ അറിവില്ലാത്തവരെ അത്ഭുതപ്പെടുത്തിയേക്കാം. നൂറുകണക്കിന് വർഷങ്ങളിലായി വ്യാപിച്ചു കിടക്കുന്ന ഇത്രയും വലിയൊരു രാജ്യത്തിന്റെ ചരിത്രം വെറും വാമൊഴിയായ വിവരണങ്ങളിലൂടെ എങ്ങനെ സംരക്ഷിക്കപ്പെടും? എന്നാൽ, ലോകത്തെ മിക്ക ജനതകളുടെയും ചരിത്രരേഖകൾ ഇത്തരത്തിലുള്ള വാമൊഴിയായ വിവരണങ്ങളിൽ മാത്രം ഒതുങ്ങിനിന്നിരുന്ന ഒരു കാലഘട്ടത്തെക്കുറിച്ചാണ് ഈ പ്രസ്താവനയെന്ന് വായനക്കാർ ഓർമ്മിക്കേണ്ടതുണ്ട്.

മിക്ക രാജ്യങ്ങളിലും ഇത്തരം വിവരണങ്ങൾ യാതൊരു സുരക്ഷിതത്വവുമില്ലാത്ത രൂപത്തിലായിരുന്നു നിലനിന്നിരുന്നത്. പിന്നീട് ചരിത്രരേഖകൾ തയ്യാറാക്കിയ കാലത്ത്, ലഭ്യമായ രൂപത്തിൽ അവ ശേഖരിക്കപ്പെടുകയായിരുന്നു. എന്നാൽ ചരിത്രരേഖകൾ ഔദ്യോഗികമായി ക്രോഡീകരിക്കുന്നതിന് മുൻപുള്ള കാലഘട്ടത്തിൽ, വിവരണങ്ങൾ സംരക്ഷിക്കുന്നതിനായി അറബികൾ ഉപയോഗിച്ചിരുന്ന രീതി അക്കാലത്തെ മറ്റ് ജനതകളേക്കാൾ ഏറെ ഉൽകൃഷ്ടമായിരുന്നു എന്നതാണ് ഏക വ്യത്യാസം. തങ്ങളുടെ ഗോത്രങ്ങളുടെ ചരിത്രപരമായ വിവരങ്ങൾ വാമൊഴി വിവരണങ്ങളായോ കവിതകളായോ മന:പാഠമാക്കുന്നത് അറബികൾക്കിടയിലെ ഒരു ആചാരമായിരുന്നു. മുൻപ് സൂചിപ്പിച്ചതുപോലെ, ഈ ആവശ്യത്തിനായി അറബികളുടെ ഓർമ്മശക്തി അസാധാരണമാംവിധം വികസിച്ചിരുന്നു. ഏതായാലും, പിൽക്കാലത്ത് രേഖാമൂലം ക്രോഡീകരിക്കപ്പെട്ട അറബികളുടെ ഈ വാമൊഴി വിവരണങ്ങളാണ് ഇസ്‌ലാമിന് മുൻപുള്ള അറേബ്യൻ ചരിത്രത്തിന്റെ ഏറ്റവും വലിയ സ്രോതസ്സ്. കൂടാതെ, ഈ വിവരണങ്ങളുടെ സഹായമില്ലാതെ പുരാതന അറേബ്യയുടെ ഒരു ഏകദേശ രൂപം പോലും തയ്യാറാക്കാൻ കഴിയില്ല എന്നതിനാൽ ഒരു ചരിത്രകാരനും ഇവയെ അവഗണിക്കാൻ സാധിക്കില്ല.

ഈ വിവരണങ്ങളുടെ രേഖാമൂലമുള്ള ക്രോഡീകരണം പിൽക്കാലത്തെ വിവിധ പുസ്തകങ്ങളിൽ ലഭ്യമാണ്. എങ്കിലും, പ്രശസ്ത ഇസ്‌ലാമിക ചരിത്രകാരനായ അബൂ ജഅ്ഫർ മുഹമ്മദ് ബിൻ ജരീർ തബരി (ഹിജ്‌രി 224-310)എഴുതിയ കൃതിയിലാണ് ഇതിന്റെ ഏറ്റവും വിപുലമായ വിവരങ്ങളുള്ളത്. ചിതറിക്കിടന്നിരുന്ന ഈ വലിയൊരു വിജ്ഞാന ശേഖരത്തെ വളരെ കൃത്യമായ രീതിയിൽ ഇതിൽ ഒരുമിച്ചു കൂട്ടിയിട്ടുണ്ട്. പിൽക്കാലത്ത് രചിക്കപ്പെട്ട മിക്ക പുസ്തകങ്ങളും ഏറിയും കുറഞ്ഞും ഈ വിജ്ഞാനശേഖരത്തിൽ നിന്ന് ഉരുത്തിരിഞ്ഞവയാണ്.

ഇസ്‌ലാമിന്റെ ആഗമനം അറേബ്യയുടെ ചരിത്രത്തിൽ ഒരു പുതിയ യുഗത്തിന്റെ ഉദയമായിരുന്നു. ഗാഢനിദ്രയിലായിരുന്ന ഒരാൾ പെട്ടെന്നുണ്ടായ വലിയൊരു ശബ്ദം കേട്ട് ഞെട്ടി ഉണരുന്നത് പോലെയായിരുന്നു തിരുനബി(സ)യുടെ ശബ്ദം അറേബ്യയുടെ സുപ്തശക്തികളെ ഉണർത്തിയത്. അന്നുമുതൽ അറേബ്യൻ ചരിത്രം വിപ്ലവാത്മകമായ ഒരു മാറ്റത്തിന് സാക്ഷ്യം വഹിച്ചു; ഇരുട്ടിന്റെ ആഴങ്ങളിൽ മറഞ്ഞുകിടന്നിരുന്ന ഒരു വസ്തു പെട്ടെന്ന് സൂര്യന്റെ തീക്ഷ്ണമായ പ്രകാശത്തിലേക്ക് വരുന്നത് പോലെയായിരുന്നു അത്. തിരുനബി(സ)യുടെ ജീവിതത്തെക്കുറിച്ചും (സീറത്ത്) ഇസ്‌ലാമിന്റെ പ്രാരംഭ ചരിത്രത്തെക്കുറിച്ചും അത്രമേൽ ശക്തമായ ചരിത്രരേഖകൾ ഇന്ന് ലഭ്യമാണ്; തീർച്ചയായും മറ്റൊരു മതത്തിനോ മതസ്ഥാപകനോ ഇത്രത്തോളം ഭാഗ്യം ലഭിച്ചിട്ടില്ല. ഈ ചരിത്ര സാമഗ്രികൾ വിവിധ രൂപങ്ങളിൽ കാണപ്പെടുന്നുണ്ട്. അവയുടെ ഒരു സംക്ഷിപ്ത രൂപം വരും താളുകളിൽ വായനക്കാർക്കായി അവതരിപ്പിക്കുന്നു. (തുടരും)

**പേജ് 1 ൽ നിന്ന്** **തഫ്സീർ**

പറയുക. അവ അറുക്കേണ്ടിയിരുന്ന സന്ദർഭം ഏതെന്നാൽ, അനാഥർക്കും പാവങ്ങൾക്കും വേണ്ടി അവയെ അറുക്കുകയും അതിന്റെ മാംസം അവർക്കിടയിൽ വിതരണം ചെയ്യുകയോ അല്ലെങ്കിൽ പാകം ചെയ്ത് അവരെ വിളിച്ച് ഭക്ഷണം നൽകി അവരുടെ വിശപ്പടക്കുകയോ ചെയ്യണമായിരുന്നു.

ഇവിടെ فِيْ يَوْمٍ ذِيْ مَسْغَبَةٍ (പട്ടിണിയുള്ള നാളിൽ) എന്ന പദങ്ങൾ ഈയൊരു യുക്തിക്ക് കീഴിലാണ് കൊണ്ടുവന്നിട്ടുള്ളത്; കാരണം, പേരിനും പ്രശസ്തിക്കും സ്ഥാനമാനങ്ങൾക്കും വേണ്ടി അയാൾ പണം ചിലവഴിക്കാറുണ്ടായിരുന്നു എന്ന് നേരത്തെ പരാമർശിച്ചിട്ടുണ്ട്. ഇതിൽ നിന്നും അയാൾ അനാഥർക്കും പാവങ്ങൾക്കും ഭക്ഷണം നൽകുന്നുണ്ടാകാം എന്നൊരു ധാരണ ഉണ്ടായേക്കാം. അല്ലാഹു ആ സംശയത്തെ ദൂരീകരിക്കുകയും അയാൾ പണം ചിലവഴിച്ചിരുന്നു, ഒട്ടകങ്ങളെ അറുത്തിരുന്നു എന്ന് വ്യക്തമാക്കുകയും ചെയ്തു. എന്നാൽ പട്ടിണിയുള്ള നാളിലായിരുന്നില്ല അത്. അതായത്, വിശക്കുന്നവർക്ക് ആവശ്യമുള്ളപ്പോഴല്ല അയാൾ അവയെ അറുത്തിരുന്നത്. മറിച്ച് സ്വന്തം പ്രശസ്തി എന്ന ഭ്രാന്ത് തലക്ക് പിടിക്കുമ്പോൾ ഒരു ദിവസം നൂറിലധികം ഒട്ടകങ്ങളെ അയാൾ അറുക്കുമായിരുന്നു. യഥാർത്ഥ ആവശ്യം മുൻനിർത്തിയാണ് അയാൾ പ്രവർത്തിച്ചിരുന്നതെങ്കിൽ, സുഹൃത്തുക്കളുടെ വിരുന്നിനായി ഒരു ഒട്ടകത്തെ മാത്രം അറുക്കുകയും ബാക്കി തൊണ്ണൂറ്റൊമ്പത് ഒട്ടകങ്ങളെ അനാഥർക്കും പാവങ്ങൾക്കും വേണ്ടി മാറ്റിവെക്കുകയും ചെയ്യണമായിരുന്നു; എങ്കിൽ അവർക്ക് പട്ടിണിയുടെ ദുരിതം അനുഭവിക്കേണ്ടി വരുമായിരുന്നില്ല. അതിനാൽ തന്നെ അയാൾ ജനകീയമായ ആവശ്യങ്ങളെ പരിഗണിക്കാതെ തന്റെ ധനം അസ്ഥാനത്ത് ചിലവഴിച്ച് നശിപ്പിച്ചു കളഞ്ഞതുകൊണ്ട്, നമ്മുടെ ദൃഷ്ടിയിൽ അയാൾ യാതൊരു പ്രശംസക്കും അർഹനല്ല; ജനങ്ങൾ അയാളെ ആദരവോടെ നോക്കാനും പാടില്ല.

ഇവിടെ അനാഥൻ എന്നതിനോടൊപ്പം ذَامَقْرَبَةٍ(അടുത്ത ബന്ധുവായ) എന്ന പദങ്ങൾ ചേർത്തത്, അടുത്ത ബന്ധുവായ അനാഥനെ എന്തായാലും കൂടെ നിർത്തേണ്ടി വരും എന്നതുകൊണ്ടാണ്. അവന്റെ ഭക്ഷണപാനീയങ്ങളുടെയോ വിദ്യാഭ്യാസമോ വസ്ത്രമോ പോലുള്ളവയുടെയോ ചിലവുകൾ മനുഷ്യന് വഹിക്കേണ്ടി വരും. ആരെങ്കിലും സന്തോഷത്തോടെയോ അതോ നിർബന്ധിതനായോ ആ ചിലവുകൾ വഹിക്കുന്നു എന്നത് മറ്റൊരു കാര്യം. എങ്കിലും കുടുംബപരമായ ഉത്തരവാദിത്തങ്ങൾ തന്റെ ബന്ധുവായ അനാഥനെ പരിഗണിക്കണമെന്ന് ആവശ്യപ്പെടുന്നു. എന്നാൽ അല്ലാഹു പറയുന്നു: നിങ്ങളുടെ അവസ്ഥയാകട്ടെ നിങ്ങളുടെ അടുത്ത ബന്ധുവായ അനാഥന് പോലും നിങ്ങൾ ഭക്ഷണം നൽകുന്നില്ല. നിങ്ങളുടെ അവസ്ഥ അപകടകരമായ രീതിയിൽ അധ:തിച്ചിരിക്കുന്നു എന്നതിന്റെ തെളിവാണിത്.

അടുത്ത ബന്ധുവായ അനാഥന് മാത്രമേ ഭക്ഷണം നൽകാവൂ എന്നല്ല ഈ ആയത്തിന്റെ അർത്ഥം. മറിച്ച്, മറ്റുള്ള അനാഥരുടെ സംരക്ഷണം അവിടെ നിൽക്കട്ടെ, സ്വന്തം അടുത്ത ബന്ധുക്കളായ അനാഥരെപ്പോലും നിങ്ങൾ അന്വേഷിക്കുമെന്നോ അവരുടെ ആവശ്യങ്ങൾ പരിഗണിക്കുമെന്നോ നിങ്ങളിൽ നിന്ന് പ്രതീക്ഷിക്കാൻ കഴിയില്ല എന്നതാണ് ഇതിന്റെ താൽപര്യം. അടുത്ത ഒരു ഉത്തരവാദിത്തത്തോടു പോലും നിങ്ങൾ ഇത്രയധികം അശ്രദ്ധ കാണിക്കുമ്പോൾ ദൂരെയുള്ള ബാധ്യതകൾ നിറവേറ്റുന്നതിലേക്ക് നിങ്ങളുടെ ശ്രദ്ധ എവിടെയുണ്ടാകാനാണ്?ഭ

*(തഫ്സീർ കബീർ, വാല്യം 8, പേജ്: 624, ഖാദിയാൻ പതിപ്പ്)*

**ജമാഅത്തുകളുടെ ശ്രദ്ധക്ക്!**

ജമാഅത്തുകളിൽ നടക്കുന്ന പരിപാടികളുടെ സംക്ഷിപ്ത റിപ്പോർട്ടും നല്ല ക്ലാരിറ്റിയുള്ള ഫോട്ടോയും ബദ്ർ ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുതിനായി താഴെ ചേർക്കുന്ന ഇ മെയിൽ അഡ്രസ്സിൽ അയക്കുക. ഒന്നിലേറെ ഫോട്ടോകൾ ചേർത്തുവെച്ച് പിഡിഎഫ് ആക്കി അയച്ചാൽ പ്രസിദ്ധീകരിക്കുന്നതല്ല. നല്ല ക്ലാരിറ്റിയുള്ള ഒന്നോ രണ്ടോ ഫോട്ടോകൾ മാത്രം അയക്കുക. ക്ലാരിറ്റി കുറഞ്ഞ ഫോട്ടോകളും പ്രസിദ്ധീകരിക്കാൻ സാധിക്കുന്നതല്ല.

badrqadian@gmail.com
(പത്രാധിപർ)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin